# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം (എം2)2133/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/02/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

സർ,

വിഷയം : മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
3. റീജീയണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യവകുപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം (എം2)2133/2022 തീയ്യതി: 17/02/2023

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 16-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ
2.റസിയ ബിവി ജെ., ഓഡിറ്റ് ഓഫീസർ
3.റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5.ഷൈനി പി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
6.മുഹമ്മദ് ഷാഫി, ഓഡിറ്റർ

.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി പി എൽദോസ് | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ എം മുഹമ്മദ് ആരിഫ് ഖാൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീകല എം ചന്ദ്രൻ | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2021 | 04-10-2021 |
| ശ്രീ മൻസൂർ ടി എ | അസിസ്റ്റന്റ് എഞ്ചിനിയർ (ചാർജ്) | 05-10-2021 | 19-10-2021 |
| ശ്രീ സന്തോഷ് കുമാർ എസ് | മുനിസിപ്പൽ എഞ്ചിനിയർ | 20-10-2021 | 31-03-2022 |
| ശ്രീ മൻസൂർ ടി എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ പി സി ഷീല | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ ഷീന ആനി തോമസ് | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | 01-04-2021 | 31-03-2022 |
| ശ്രീമതി രമ്യ വി എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി തേജോ കെ കൈമൾ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ വിൻസെന്റ് കെ വി | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ (H I) | 01-04-2021 | 31-03-2022 |
| ഡോ കൃഷ്ണദാസ് പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ ഷാജഹാൻ കെ കെ | കൃഷി അസിസ്റ്റന്റ്(ചാർജ്) | 01-04-2021 | 29-07-2021 |

| | | | |
|---|---|---|---|
| ശ്രീ സൈനുദ്ദീൻ കെ എം | കൃഷി ഫീൽഡ് ഓഫീസർ | 30-07-2021 | 31-03-2022 |
| ഡോ. ആഷാ വിജയൻ | സൂപ്രണ്ട്, ജനറൽ ആശുപത്രി | 01-04-2021 | 02-11-2021 |
| ഡോ. എ ബി വിൻസെൻറ് | സൂപ്രണ്ട്, ജനറൽ ആശുപത്രി | 02-11-2021 | 22-11-2021 |
| ഡോ.രേഖ എം രവീന്ദ്രൻ | സൂപ്രണ്ട്, ജനറൽ ആശുപത്രി | 22-11-2021 | 19-02-2022 |
| ഡോ.ജോസഫ് ചാക്കോ | സൂപ്രണ്ട്, ജനറൽ ആശുപത്രി | 19-02-2022 | 03-03-2022 |
| ഡോ പത്മനാഭൻ എം എസ് | സൂപ്രണ്ട്, ജനറൽ ആശുപത്രി | 03-03-2022 | 31-03-2022 |
| ശ്രീമതി അജിതാ കുമാരി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 01-07-2021 |
| ശ്രീ ഷക്കീർ സി കെ | ഹെഡ് മാസ്റ്റർ | 02-07-2021 | 15-07-2021 |
| ശ്രീമതി ജെസി ഇ.എ | ഹെഡ് മിസ്ട്രസ്സ് | 16-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ബാങ്ക് പാസ്സ് ബുക്കുകൾ/സ്റ്റോൾ/ FD അക്കൌണ്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-13 |
| 15 | സ്ഥാപനങ്ങളുടെ /ട്രേഡേഴ്സിന്റെ /പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല | 1-13-1 |
| 16 | ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-14 |
| 17 | ഷെയർ നിക്ഷേപം- രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-15 |
| 18 | ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്വെയറും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-16 |
| 19 | വാടക - 35,12,492/- രൂപ കുടിശ്ശിക പിരിച്ചെടുത്തില്ല | 1-17 |
| 20 | റെന്റ്, ലേലം ഡെപ്പോസിറ്റ് തുക 42695823 രൂപ നഗരസഭ ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല. | 1-18 |
| 21 | വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ - തുക നൽകിയതിലെ അപാകത - 7,451/- രൂപ നഷ്ടം | 1-19 |
| 22 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്-ആദായ നികുതി ഈടാക്കിയിട്ടില്ല. | 1-20 |
| 23 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല | 1-21 |

| | | |
|---|---|---|
| 24 | മരുന്ന് ലഭ്യമായില്ല | 1-21-1 |
| 25 | വീട് വയറിംഗിന് ആനുകൂല്യം-അവശ്യ രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 26 | സെക്രട്ടറിയുടെ ശമ്പളം - മുനിസിപ്പാലിറ്റി ആക്ടിലെ നിർദ്ദേശം പാലിച്ചില്ല | 1-23 |
| 27 | ഭിന്നശേഷി സ്കോളർഷിപ്പ്- മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാർക്ക് ആനുകൂല്യം നൽകുന്നു. | 1-24 |
| 28 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പൂർത്തിയാക്കി അറിയിക്കേണ്ടതാണ് | 1-25 |
| 29 | ഖരമാലിന്യ സംസ്കരണം - RRF ൽ സുരക്ഷാക്രമീകരണം ഉറപ്പുവരുത്തേണ്ടതാണ് | 1-26 |
| 30 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-27 |
| 31 | മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 1-28 |
| 32 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നഷ്ടപരിഹാരം- ഫയൽ ഹാജരാക്കിയില്ല. | 1-29 |
| 33 | കിഴക്കേക്കര കുടിവെള്ള പദ്ധതി - സമയബന്ധിതമായി പൂർത്തീകരിച്ചില്ല | 1-30 |
| 34 | RRF നിർമ്മാണം - മുൻകൂറായി തുക നൽകി | 1-31 |
| 35 | തോടുകളുടെ നവീകരണം - നിർവ്വഹണത്തിലെ അപാകത - 4,88,608/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 36 | വീട് മെയിന്റനൻസ്-കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ് | 1-33 |
| 37 | പി.എം.എ.വൈ. - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 38 | സാമൂഹ്യസുരക്ഷാ പെൻഷൻ-അപാകതകൾ | 1-35 |
| 39 | പെൻഷൻ ഫണ്ട് | 1-36 |
| 40 | ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കി | 1-37 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ 2,070/- രൂപ കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | വെൻഡിംഗ് മഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ - തുക നൽകിയതിലെ അപാകത - 7,451/- രൂപ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22ലെ വർഷത്തെ ബജറ്റ് 15.02.2021ലെ 1-ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 15.03.2022ലെ 1-ാം നമ്പർ തീരുമാന പ്രകാരവും, പാസാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ്-ചെലവ് കണക്കുകളും താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3,11,20,000 | 7,24,20,453.20 |
| വരവ് | 52,00,23,873 | 20,56,42,836.00 |
| ആകെ | 55,11,43,873 | 27,80,63,289.20 |
| ചെലവ് | 54,51,29,873 | 2,26,90,9732.00 |
| നീക്കിയിരിപ്പ് | 60,14,000 | 5,11,53,557.20 |

ബജറ്റ് യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 31.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(1) ഓഡിറ്റ് റിക്കവറി ഇനത്തിൽ 52427/-രൂപ ബി-9ഷെഡ്യൂളിൽ (ഹെഡ്-350200125) ബാധ്യതയായി തുടരുന്നു.

(2) ലൈബ്രറിസെസ് ഓഡിറ്റ് വർഷം അടവാക്കിയിട്ടില്ല

(3) ബി-4 ഷെഡ്യൂളിൽ ലൈഫ്-പി.എം.എ.വൈ, എൻ.യു.എൽ.എം, എ.യു.ഇ.ജി.എസ് എന്നീ മൂന്ന് തരം ഫണ്ടുകൾ ഒരുമിച്ച് ഉൾപ്പെടുത്തി കാണുന്നു.

(4) സെക്രട്ടറിയുടെ സാലറി ലയബിലിറ്റിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(5) Pension, PF ഫണ്ടുകൾക്കായി പ്രത്യേക ബാങ്ക് അക്കൌണ്ടുകളും രജിസ്റ്ററുകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(6) വാർഷിക ധനകാര്യ പത്രികയിലെ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി Auction Deposit Register, Rent Deposit Register കൂടാതെ ബാങ്ക് അക്കൗണ്ട് എന്നിവ ഹാജരാക്കിയില്ല.

(7) മൂവാറ്റുപുഴ നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള ഗ്രാന്റുകളിൽ പലതും ചെലവഴിക്കാതെ വിവിധ ബാങ്ക് അക്കൌണ്ടുകളിൽ നിലനിൽക്കുന്നുണ്ട്. ഈ തുകകൾ ബാലൻസ് ഷീറ്റ് B4ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ടിനം | 31.3.2022ലെ ബാലൻസ് |
|---|---|---|
| 1 | ഖരമാലിന്യ സംസ്കരണം | 18,27,057.00 |
| 2 | ILCS | 40,74,967.00 |
| 3 | RMSA | 3,83,755.00 |
| 4 | IHSDP | 37,02,088.00 |
| 5 | NSDP | 3,53,253.00 |
| 6 | Urban Hatt | 23,26,111.00 |
| 7 | EMS ഭവനം | 42,30,458.00 |
| 8 | PCP | 1,65,730.00 |
| 9 | Taluk Hospital Fund | 1,24,200.00 |
| | ആകെ | 1,71,87,619/- |

(8) വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികളുടേയും, ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിക്കായി കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖേന നടപ്പാക്കിയ നിക്ഷേപ പ്രവൃത്തിയുടേയും ചെലവ് Advance To Implimenting Agencies എന്ന ശീർഷകത്തിൽ മുൻകൂറായി രേഖപ്പെടുത്തുന്നതിന് പകരം പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ തന്നെ പ്രസ്തുത ആസ്തി ഹെഡ്ഡിൽ രേഖപ്പെടുത്തുകയാണ് ചെയ്തത്.

(9) സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഐ.എൽ.സി.എസ്. ഗ്രാന്റുകളുടെ ബാങ്ക് പലിശ ബന്ധപ്പെട്ട ഗ്രാന്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

(10) കർഷകത്തൊഴിലാളി പെൻഷന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷേമ പെൻഷൻ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

(11) PF/ Pension ഫണ്ട് അലോട്ട്മെന്റുകൾ : നഗരകാര്യ ഡയറക്ടറുടെ 25.11.21ലെ പി എഫ് 2-19103/2021 ലെ ഉത്തരവ് പ്രകാരം ഒരു കോടി രൂപ PF ഫണ്ട് അലോട്ട്മെന്റ് തുകയായി ലഭിച്ചിട്ടുണ്ട്. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 7,24,20,453.20 |
| വരവ് | 20,56,42,836.00 |
| ആകെ | 27,80,63,289.20 |
| ചെലവ് | 22,69,09,732.00 |
| നീക്കിയിരിപ്പ് | 5,11,53,557.20 |
| വരവ് നഷ്ടം | 2,070.00 |
| ചെലവ് നഷ്ടം | 6,162.00 |
| തടസ്സപ്പെടുത്തിയ തുക | 60,18,366.00 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 1,57,54,467 | 1,57,54,467 | 1,57,54,177 | | 290 |
| വികസനഫണ്ട് -SCP | 0 | 63,13,103 | 63,13,103 | 46,73,025 | | 16,40,078 |
| വികസനഫണ്ട് -TSP | 0 | 4,49,300 | 4,49,300 | 2,08,000 | | 2,41,300 |
| വികസനഫണ്ട്-CFC | 0 | 1,05,95,201 | 1,05,95,201 | 46,91,918 | | 59,03,283 |
| CFC -Performance Grant(basic) | 0 | 27,17,251 | 27,17,251 | 21,28,529 | | 5,88,722 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 2,64,68,808 | 2,64,68,808 | 2,37,17,019 | | 27,51,789 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 1,00,50,722 | 1,00,50,722 | 67,83,541 | | 32,67,181 |
| CFC -Basic (Bank) | 0 | 75,66,000 + 1,22,577 (പലിശ) | 76,88,577 | 64,16,927 | 12,71,650 | |
| CFC-Tied (Bank) | 0 | 1,13,48,000 | 1,13,48,000 | 78,07,949 | 35,40,051 | |
| ദുരിതാശ്വാസനിധി 311110100 | | 34,672 | 34,672 | 357 | 34,315 | |
| Pandemic/epidemic Control 320200110 | 0 | 9,02,910 | 9,02,910 | 9,02,910 | 0 | |
| Donations To Pandemic/ Epidemic Control 320809700 | 0 | 1,70,189 | 1,70,189 | 1,70,118 | 71 | |

(1) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ 1270200 /- രൂപയും ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ 22,93,332 /- രൂപയും വികസനഫണ്ട് -ജനറൽ ലിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്(ആകെ35,63,532 /- രൂപ).

(2) ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ 1,06,668 /- രൂപ വികസനഫണ്ട് -SCP യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

(3) CFC Grant ഇനത്തിൽ ACR പ്രകാരമുള്ള വരവ് 21943201 /- രൂപ ആണ്. ഇതിൽ1,13,48,000 /- ബാങ്കിൽ നിക്ഷേപിച്ചു.

(4) CFC-Performance Grant ഇനത്തിൽ ACR പ്രകാരമുള്ള വരവ് 10283251 /- രൂപയാണ്. ഇതിൽ 75,66,000 /- രൂപ ബാങ്കിൽ നിക്ഷേപിച്ചു.ഇതിന്റെ പലിശയിനത്തിൽ ലഭിച്ച 122577 /- രൂപ ഉൾപ്പെടെയാണ് ബാങ്കിലെ വരവായി കാണിച്ചിരിക്കുന്നത്.

(5) CFC ഗ്രാന്റ് നിക്ഷേപിക്കുന്ന Catholic Syrian Bank ൽ Basic ഗ്രാന്റിലെ 12,71,650 /- രൂപയും (പലിശ ഉൾപ്പെടെ) Tied ഗ്രാന്റിലെ 35,40,051/-രൂപയും 1,59,945 രൂപ അൺക്യാഷ്ഡ് ചെക് തുക ആകെ കൂടി 49,71,646/- രൂപയാണ് 31.03.22 ലെ നീക്കിയിരിപ്പ്.

(6) Grant For Projects - ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെ പറയും പ്രകാരമാണ്. (AUEGS ഫണ്ട് ഉൾപ്പെടെയാണ് ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ളത്; AUEGS തുക 7,23,339/- + 5,07,985/- = 12,31,324/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ തുക 12,31,294/-രൂപ, 30/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.)

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| RMSA (Rashtriya Madhyamik Shiksha Abhiyan) | 3,83,755 | 0 | 3,83,755 | 0 | 3,83,785 |
| Taluk Hospital | 0 | 3,40,644 | 3,40,644 | 2,16,444 | 1,24,200 |
| ആകെ | 3,83,755 | 3,40,644 | 7,24,399 | 2,16,444 | 5,07,985 |

(7) കേന്ദ്രഗ്രാന്റിൽ ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെപ്പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| NULM | 1,56,890 | 864 | 3,65,156 | 3,65,156 | 0 |
| SWM വിഹിതം | 15,67,526 | 52,038(int) | 16,19,564 | 0 | 16,19,564 |
| Swachh Bharath | 58,83,709 | 2,00,026(int)+5,26,156 | 66,09,881 | 59,13,539 | 6,96,352 |
| SNP | 8,56,407 | 9,31,338 | 17,87,745 | 14,00,000 | 3,87,745 |
| ILCS | 35,39,497 | 1,16,064(int) | 36,55,561 | 0 | 36,55,561 |
| Pre Monnsoon | | 2,80,000 | 2,80,000 | 2,80,000 | 0 |
| Vimukthi | | 8,000 | 8,000 | 0 | 8,000 |
| ആകെ | 1,20,12,029 | 23,13,888 | 1,43,25,917 | 79,58,695 | 63,67,222 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 12,11,09,006 | 156 | 8,50,62,314 | 47 | 30 | 67% |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 33,09,278 | 19,88,667 (70,900 പലിശ ഉൾപ്പെടെ) | 52,97,945 | 45,74,606 | 7,23,339 |
| ഭരണചെലവുകൾ | 0 | 5,82,233 | 5,82,233 | 5,82,233 | 0 |
| ആകെ | 33,09,278 | 25,70,900 | 58,80,178 | 51,56,839 | 7,23,339 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10,16,000 | 62 |
| തൊഴിൽരഹിത വേതനം | - | - |
| വിധവാപെൻഷൻ | 1,97,02,600 | 1120 |
| വാർദ്ധക്യകാല പെൻഷൻ | 4,33,56,100 | 2608 |
| വികലാംഗ പെൻഷൻ | 52,46,400 | 297 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 4,99,200 | 28 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | - | - |

ക്ഷേമപെൻഷൻ തുകകൾ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. തുടർന്നുള്ള വർഷങ്ങളിൽ ശരിയായ തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2022ന് 3.15 PM-ന് ചീഫ് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,15,025/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

(1) നഗരസഭയിലെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. പ്രധാന നികുതി വരുമാനമായ കെട്ടിട നികുതി ഒരു കോടിയോളം രൂപ കുടിശികയായിട്ടുള്ളത് പിരിച്ചെടുക്കുന്നതിനും, വാടക കുടിശിക ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
(2) തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതി അടവാക്കിയത് പലതും രസീത് നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി അടവാക്കിയതിന്റെ കൃത്യത രജിസ്റ്ററിൽ നിന്ന് ഉറപ്പ് വരുത്താൻ സാധിക്കില്ല.
(3) അഗതിരഹിത കേരളം പദ്ധതിയിൽ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷ്യ കിറ്റ് വിതരണം നടത്തുമ്പോൾ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്താനുതകുന്ന രേഖകൾ സൂക്ഷിച്ച് വരുന്നില്ല. മറ്റ് വ്യക്തികൾ മുഖേന കിറ്റ് വിതരണം നടത്തുമ്പോൾ ഗുണഭോക്താവിന് ലഭ്യമായി എന്നതിനുള്ള രേഖ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
(4) റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ (340200100) 1,85,89,384/- രൂപയും, Auction Deposit (340200200) ഇനത്തിൽ 2,41,06,439/- രൂപയും നീക്കിയിരിപ്പുണ്ട് (ലയബിലിറ്റി). ഇതു കൂടാതെ വിവിധ ഇനത്തിലായി ലഭിച്ചിട്ടുള്ള ഡെപ്പൊസിറ്റ് തുകകളും ഉണ്ട്. നഗരസഭയിൽ നിന്നും ഹാജരാക്കിയ ബാങ്ക് പാസ്സ് ബുക്കുകൾ/ Scroll കൾ പ്രകാരം ഇത്രയും തുകകളുടെ നീക്കിയിരുപ്പ് കാണുന്നില്ല. ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് പാസ്സ് ബുക്കുകൾ/ Scroll, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനോ അഥവാ ഈ തുകകൾ താല്ക്കാലികമായി വകമാറ്റി ചെലവഴിച്ചതാണെങ്കിൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.
(5) മരാമത്ത് പ്രവർത്തികൾക്ക് പലതിനും MPLAD/MLAഫണ്ട് വകയിരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം വിവിധ ഫണ്ടുകൾ ഒരു പ്രവർത്തിയ്ക്കായ് വകയിരുത്തുമ്പോൾ തുക ഇരട്ടിപ്പ് വന്നിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ മരാമത്ത് പ്രവർത്തികൾ നിശ്ചിത സമയക്രമത്തിൽ തന്നെ പൂർത്തികരിച്ച എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2016 | 2013-14 മുതൽ 2015-16 ആദ്യ പകുതി വരെ | 11.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2021 | 2017-18 മുതൽ 2019-20 വരെ | 29.03.2021 |

## 1-11 ബാങ്ക് പാസ്സ് ബുക്കുകൾ/സ്ക്രോൾ/ FD അക്കൌണ്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മൂവാറ്റുപുഴ നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്കായി RP 40 B പ്രകാരം 45 ൽ അധികം ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. ബാങ്ക് പാസ്സ് ബുക്കുകളുടെ റിക്കോൺസിലിയേഷൻ പരിശോധനയ്ക്കായി 2021-22 വർഷത്തെ 31.3.2022ലെ നീക്കിയിരുപ്പ് ഉൾപ്പെടെയുള്ള ചുവടെ ചേർക്കുന്ന കോഡ് പ്രകാരമുള്ള ബാങ്ക് പാസ്സ് ബുക്കുകകൾ/സ്ക്രോൾ/ FD അക്കൗണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(1)450210300 (2)450220100 (3)450230100 (4)450230200 (5)450250101 (6)450250300 (7)450250301 (8)45420100 (9)450420200 (10)450430200 (11)450430300 (12)450610100 (13)450610400 (14)450610500 (15)450610600 (16)450610700 (17)450630100 (18)450630200 (19)450630300.

കൂടാതെ ,

1)റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ (340200100) 1,85,89,384/- രൂപയും, Auction Deposit (340200200) ഇനത്തിൽ 2,41,06,439/- രൂപയും നീക്കിയിരിപ്പുണ്ട് (ലയബിലിറ്റി). ഇതു കൂടാതെ വിവിധ ഇനത്തിലായി ലഭിച്ചിട്ടുള്ള ഡെപ്പൊസിറ്റ് തുകകളും ഉണ്ട്. നഗരസഭയിൽ നിന്നും ഹാജരാക്കിയ ബാങ്ക് പാസ്സ് ബുക്കുകൾ/ Scroll കൾ പ്രകാരം ഇത്രയും തുകകളുടെ നീക്കിയിരുപ്പ് കാണുന്നില്ല. ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് പാസ്സ് ബുക്കുകൾ/ Scroll, ഡെപ്പാസിറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കില്ല.

2) STSB – Deferred Salary Account, STSB -4 എന്നീ അക്കൌണ്ടുകൾ RP 40 B യിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ എല്ലാ അക്കൗണ്ടുകളും ഉൾപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3) 450620100 –( Urban Hatt) എന്ന ബാങ്ക് അക്കൌണ്ടിൽ RP 40 B പ്രകാരം 20,328 /-രൂപയാണ് നീക്കിയിരുപ്പ് തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ പത്രിക പ്രകാരം 23,26,111 /-രൂപയാണ് നീക്കിയിരുപ്പ് തുകയുള്ളത്. വ്യത്യാസത്തിന് കാരണമായിട്ടുള്ളത് 23,26,111 /- സ്ഥിര നിക്ഷേപമായി സൂക്ഷിക്കുന്നു എന്നാണ്.
ബാങ്ക് പാസ്സ് ബുക്കുകൾ/സ്ക്രോൾ/ FD അക്കൗണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി നല്കിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം34 തി.28.11.2022) മറുപടി യായി അപാകതകൾ തുടർന്ന് പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയ പ്രകാരം നഗരസഭയിൽ ആകെ 18 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളാണ് ഉള്ളത്. സഞ്ചയ വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും നാളിതുവരെ വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശിക നിലനിൽക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | ഈടാക്കേണ്ട കാലയളവ് | കുടിശിക തുക |
|---|---|---|---|---|
| 1 | 1/69 | ഭാരതി ഇൻഫ്രാ ടെലി ലിമിറ്റഡ് | 2020-21(II-nd Half) മുതൽ | 33471 |
| 2 | 7/290 | എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ചർ | 2013-14 (I-st Half) മുതൽ | 222576 |
| 3 | 9/782 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ. ലിമിറ്റഡ് | 2013-14 (I-st Half) മുതൽ | 116600 |
| 4 | 9/1073 | ബി.എസ്.എൻ.എൽ മൂവാറ്റുപുഴ | 2013-14 (I-st Half) മുതൽ | 62100 |
| 5 | 9/1180/A | ഇൻഡസ് ടവർ ലിമിറ്റഡ് | 2013-14 (I-st Half) മുതൽ | 214761 |
| 6 | 14/429 | ഇൻഡ്യ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | 2013-14 (I-st Half) മുതൽ | 237270 |
| 7 | 17/46 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലിമിറ്റഡ് | 2016-17 (I-st Half) മുതൽ | 105030 |
| 8 | 19/165/A | റിലയൻസ് ജിയോ ഇൻഫോകോം | 2021-22 (I-st Half) മുതൽ | 17562 |
| 9 | 19/245 | വയർലെസ് ടി.ടി ഇൻഫോ സർവീസ് ലിമിറ്റഡ് | 2013-14 (I-st Half) മുതൽ | 130803 |
| 10 | 21/486 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 2021-22 (I-st Half) മുതൽ | 11668 |
| 11 | 22/903 | എസ്കോട്ടൽ മൊബൈൽ കമ്മ്യൂണിക്കേഷൻ | 2013-14 (I-st Half) മുതൽ | 63132 |
| 12 | 22/904 | ടാറ്റാ ടെലി സർവീസസ് | 2013-14 (I-st Half) മുതൽ | 36353 |
| 13 | 22/905 | ഇൻഡസ് ടവർ ലിമിറ്റഡ് | 2018-19 (I-st Half) മുതൽ | 129375 |
| | ആകെ | | | 1380701 |

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25 /26.11.2022) 14/429, 17/46, 19/245 എന്നീ ടവറുകളുടെ കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവർ കുടിശ്ശിക അടവാക്കാത്ത പക്ഷം വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 245 , 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിൽ ചെയ്യുകയോ തൊഴിൽ സംരംഭത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി അടക്കേണ്ടതാണ്. അർദ്ധവാർഷിക വരുമാനം 12,000/- രൂപയിൽ കുറവല്ലാത്ത വ്യക്തികളിൽ നിന്നും ചുമത്തേണ്ട തൊഴിൽ നികുതി, തൊഴിൽ നികുതി പട്ടിക പ്രകാരം ആയിരിക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ 2,070/- രൂപ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം 2-1 ൽ ചേർത്തിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-13-1 സ്ഥാപനങ്ങളുടെ /ട്രേഡേഴ്സിന്റെ /പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 മുതൽ 259 വരെയുള്ള വകുപ്പുകൾ , 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരു സ്ഥാപനത്തിൽ/വ്യക്തിയിൽ നിന്നും, ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ പ്രകാരം പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നംമ്പർ | സ്ഥാപനത്തിന്റെ പേര് /വാർഡ് | അർദ്ധവർഷം |
|---|---|---|
| 1 | സെക്രട്ടറി അഗ്രികൾച്ചറൽ കോപ്പറേറ്റീവ് ബാങ്ക് /7 | II |
| 2 | ബ്രാഞ്ച് മാനേജർ ബാങ്ക് ഓഫ് ഇൻഡ്യ /7 | 1 &II |

| | | |
|---|---|---|
| 3 | മാനേജർ എച്ച്.ഡി.എഫ്.സി ലിമിറ്റഡ്/7 | 11 |
| 4 | മാനേജർ സിറ്റി ബാങ്ക്/8 | 1 &11 |
| 5 | മാനേജർ വൈൽഡ് ക്രാഫ്റ്റ്/ 21 | 1 &11 |
| 6 | മാനേജർ എച്ച്.ഡി.എഫ്.സി ബാങ്ക്/21 | 1 &11 |
| 7 | അയോൺ യമഹ ഷോറൂം/ 23 | 1 &11 |
| 8 | ഹ്യുണ്ടായ് സർവ്വീസ് സ്റ്റേഷൻ/23 | 1 &11 |
| 9 | കുര്യൻ ജോൺ സെൻട്രൽ ബാങ്ക്/9 | 1 &11 |
| 10 | നിഷാദ് റോയൽ ഫുഡ് കോർട്ട്/ 10 | 1 &11 |
| 11 | ലെയർ ത്രീ ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ്/26 | 1 &11 |
| 12 | മോഡേൺ ടൈൽ ഡിസ് ലേ/28 | 1 &11 |
| 13 | സാൻജോ ട്രാവൽസ്/21 | 1 &11 |
| 14 | ആക്വോവിസ് ഇൻഫോടെക്/26 | 1 &11 |

(ബി) കരാറുകാർക്ക് തൊഴിൽ നികുതി ചുമത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3ഉപചട്ടം (10) പ്രകാരം കരാറുകാരുടെ അർദ്ധവാർഷിക തൊഴിൽ നികുതി പരമാവധി തുകയായ 1250 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മരാമത്ത് വിഭാഗം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ കരാറിനെടുത്ത് നടപ്പിലാക്കിയ കരാറുകാർ പോലും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരൻെറ പേര് |
|---|---|
| 1 | സബീഷ്. പി.എം. |
| 2 | എൻ.എ. സുബൈർ |
| 3 | അബിലാഷ് . കെ.എസ്. |
| 4 | സിറാജ് കെ.ഇ. |
| 5 | കെ.പി. വർക്കി |
| 6 | അലി പി.എം. |
| 7 | കെ.കെ. ഇസ്മായിൽ |
| 8 | പി.എം. ഇസ്മായിൽ |

(സി) അഭിഭാഷകരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം ( 2) മുതൽ (11) വരെ അനുസരിച്ച് സ്വയം തൊഴിൽ ഏർപ്പെടുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് 1250/- ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 111 അഭിഭാഷകരുടെ ലിസ്റ്റ് തൊഴിൽ നികുതി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. വാർഡ് 21, 22ലെ 10 അഭിഭാഷകർ മാത്രമാണ് തൊഴിൽ നികുതി അടവാക്കുന്നത്.

ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | അഭിഭാഷകരുടെ പേര്/വാർഡ് |
|---|---|
| 1 | അഡ്വക്കറ്റ് ഐസക് നെല്ലിക്കൽ/21 |
| 2 | അഡ്വക്കറ്റ് സിസ്റ്റു ചെറിയാൻ/ 21 |
| 3 | അഡ്വക്കറ്റ് ഇ.കെ ജോസ് /21 |
| 4 | അഡ്വക്കറ്റ് ഐസക് നീലകണ്ഠൻ/21 |
| 5 | അഡ്വക്കറ്റ് ടോമി കളമ്പനാട്ടുപറമ്പിൽ /21 |
| 6 | അഡ്വക്കറ്റ് ജോൺ സഖറിയ /21 |
| 7 | അഡ്വക്കറ്റ് ഐസക് തോംസൺ/21 |
| 8 | അഡ്വക്കറ്റ് പോൾ ജോസഫ്/21 |
| 9 | അഡ്വക്കറ്റ് എ.കെ അനിൽ കുമാർ/ 22 |
| 10 | അഡ്വക്കറ്റ് യൂസഫ്. പി.എ /22 |
| 11 | അഡ്വക്കറ്റ് സിറാജ്. വി.എ/22 |
| 12 | അഡ്വക്കറ്റ് സുജേഷ് .ടി. മാത്യു/22 |
| 13 | അഡ്വക്കറ്റ് അജീഷ് ഉമ്മർ & അസോസിയേറ്റ്സ്/22 |
| 14 | അഡ്വക്കറ്റ് മേരി. എൻ.എം/ 22 |

| | |
|---|---|
| 15 | അഡ്വക്കറ്റ് സുരേന്ദ്രൻ /22 |

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ /വ്യക്തികളുടെ തൊഴിൽ നികുതി അടവാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവൽക്കരണം നിരസിക്കുന്ന അപേക്ഷകളിൽ 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി നഗരസഭയിൽ ലഭിച്ച ചില അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല. റെഗുലറൈസേഷൻ അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫയൽ നം., തീയതി | അപേക്ഷകന്റെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | 7821, 09.04.2021 | രാമചന്ദ്രൻ നായർ | പാർപ്പിടം |
| 2 | 7932, 15.04.2021 | പി. കെ അലിയാർ | പാർപ്പിടം |
| 3 | 8151, 19.04.2021 | ലിസി തോമസ് | പാർപ്പിടം |
| 4 | 12135, 05.08.2021 | കല ടി. കെ | പാർപ്പിടം |
| 5 | 12274, 09.08.2021 | കുര്യാക്കോസ് എം. ഇ. | പാർപ്പിടം |
| 6 | 16838, 05.11.2021 | സെക്രട്ടറി, അഗ്രികൾച്ചറൽ റൂറൽ ഹോൾ സെയിൽ മാർക്കറ്റ് | വാണിജ്യം |
| 7 | 17918, 25.11.2021 | സിദ്ദീഖ് ടി. കെ. | പാർപ്പിടം, വാണിജ്യം |
| 8 | 18673, 08.12.2021 | കുര്യാക്കോസ് & എമിലി കുര്യാക്കോസ്, | പാർപ്പിടം |
| 9 | 2434, 14.02.2022 | ഡേവിഡ് ചെറിയാൻ | പാർപ്പിടം |
| 10 | 3893, 02.03.2022 | ലീല ബാബു | പാർപ്പിടം |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 (1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം യു.എ നമ്പർ നൽകി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/ 29.11.2022) മറുപടി ലഭ്യമായിട്ടില്ല. അപേക്ഷകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-15 ഷെയർ നിക്ഷേപം- രേഖകൾ ഹാജരാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റിലെ B-13 ഷെഡ്യൂൾ പ്രകാരം ഇക്വിറ്റി ഷെയർ (ഹെഡ് കോഡ്-421500200) എന്നയിനത്തിൽ 5,00,000/- രൂപ നിക്ഷേപം ഉള്ളതായി കാണിച്ചിട്ടുണ്ട്. ഈ നിക്ഷേപവുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/ 29.11.2022) മറുപടിയായി ടി തുക ഗ്രീൻ കേരള കമ്പനിയുടെ ഷെയറുകൾ വാങ്ങിയതാണെന്നുള്ള ലെഡ്ജർ മാത്രമാണ് ഹാജരാക്കിയത്. ഗ്രീൻ കേരള കമ്പനിയുടെ ഷെയർ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, 2011 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ (447 മുതൽ 492 വരെ) എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും നഗരസഭയിലെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. നഗരസഭയിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബിൽഡിംഗ് ഡിറ്റൈൽസ് പ്രകാരം വാണിജ്യ / വ്യവസായങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങളും ലൈസൻസ് രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ വാണിജ്യ / വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എല്ലാം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുന്നില്ല.

| ക്രമ നം | വാർഡ് നം | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ലിസ്റ്റ് ചെയ്തിരിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 8 | 156 | 118 |
| 2 | 9 | 556 | 354 |

| | | | |
|---|---|---|---|
| 3 | 16 | 131 | 88 |
| 4 | 17 | 155 | 106 |
| 5 | 21 | 331 | 172 |
| 6 | 22 | 207 | 100 |
| 7 | 28 | 70 | 26 |

സഞ്ചയ സോഫ്റ്റ്‌വെയറിലെ സ്ഥാപനങ്ങളുടെ എണ്ണവും ലൈസൻസ് രജിസ്റ്ററിലെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ വ്യത്യാസത്തിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 30.11.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ എണ്ണത്തിലെ വ്യത്യാസം സൂചിപ്പിക്കുന്നത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യസ്ഥാപനങ്ങളുടെ ഗണത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുന്നുണ്ടോ എന്ന് സ്ഥാപനം ഉറപ്പുവരുത്തുന്നില്ല എന്നതാണ്. ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-17 വാടക - 35,12,492/- രൂപ കുടിശ്ശിക പിരിച്ചെടുത്തില്ല

2021-22 വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

(1) കെട്ടിട വാടക പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല

വാടക ഡിമാൻറ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ 31.03.22ൽ വാടക ഇനത്തിൽ 35,12,492/- (തൻവർഷം-24,49,205/-, മുൻവർഷം- 10,63,287/ )രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. കൂടാതെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം കുടിശ്ശിക 24,49,205/- ആണ്. എന്നാൽ രജിസ്റ്ററിൽ ചേർത്തിട്ടുള്ള കുടിശ്ശിക തുക 29,15,561/- ആണ്. ഇപ്രകാരം വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

(2) ലേലം - ബൈലോ തയ്യാറാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215 വകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റി അതിൻെറ ഉടമസ്ഥതയിലുള്ള കെട്ടിടമോ സ്ഥലമോ പൊതുജനങ്ങൾക്ക് ലൈസൻസ് വ്യവസ്ഥയിൻമേൽ വാടകയ്ക്ക് നൽകാവുന്നതും അവയുടെ ആവശ്യത്തിനും ഉപയോഗത്തിനും ഫീസ്/വാടക ചുമത്താവുന്നതാണ്. ഇപ്രകാരം മുനിസിപ്പാലിറ്റി അതിൻെറ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന വരുമാനത്തിനാണ് ലേലം നടത്തേണ്ടത്.എന്നാൽ മൂവാറ്റുപുഴ നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ അടിസ്ഥാന വില നിശ്ചയിച്ച് റെൻറ് ഡെപ്പോസിറ്റ് തുകയിൽ ലേലം നടത്തുകയാണ് ചെയ്യുന്നത്. വാടക സംബന്ധിച്ച് നാളിതുവരെ ഒരു ബൈലോ തയ്യാറാക്കി കൗൺസിൽ അംഗീകരിച്ച് സർക്കാർ സാധൂകരണം വാങ്ങാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(3) വാടക വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടില്ല.

സാമ്പത്തിക വർഷത്തിൽ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളുടെ കുത്തക 5%വാടക വർദ്ധനവോടെ ഒരു വർഷത്തേക്ക് എഗ്രിമെൻറ് പുതുക്കി നൽകുകയാണ് ചെയ്തു വരുന്നത് .നഗരസഭ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക പി.ഡബ്ല്യൂ.ഡി നിരക്ക് പ്രകാരം നിശ്ചയിച്ച് 20.03.2022ലെ 5 ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം വാടക വർദ്ധനവ് അംഗീകരിച്ചിട്ടുള്ളതാണ്.

വാടക കുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 30-ന്(തീയതി 28.11.22) കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി നൽകി. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നഗരസഭയുടെ 12 ഷോപ്പിംഗ് കോംപ്ലക്സുകളുടെ PWDനിരക്കിലുള്ള വാടക വളരെ കുറച്ചു പേർ മാത്രമേ അടയ്ക്കുന്നുള്ളൂ. ബാക്കിയുള്ളവർ മർച്ചൻറ് അസോസിയേഷൻ മുഖേനെ പരാതി നൽകിയതിനാൽ വാടക ഈടാക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. വർദ്ധിപ്പിച്ച നിരക്കിലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ഭീമമായ വാടക കുടിശ്ശിക നഗരസഭയുടെ സാമ്പത്തിക നിലനിൽപ്പിന് ബാദ്ധ്യതയാണ്.വിഷയത്തിൽ ഭരണ സമിതിയുടെയും ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. വാടക കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-18 റെൻ്റ്, ലേലം ഡെപ്പോസിറ്റ് തുക 42695823 രൂപ നഗരസഭ ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല.

2021-22 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ B- 7 ഷെഡ്യൂൾ പ്രകാരം റെൻ്റ് ഡെപ്പോസിറ്റ് ഇനത്തിൽ (340200100) 18589384/- രൂപയും, Auction Deposit (340200200) ഇനത്തിൽ 24106439/- രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക നഗരസഭയുടെ ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല. മേൽ നീക്കിയിരുപ്പ് തുകയ്ക്ക് ആധാരമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40 തീ. 29/11/22) നൽകിയ മറുപടി താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കുന്നില്ല.

നഗരസഭ നൽകിയ മറുപടിയിൽ 2010 ന് മുൻപ് റീഫണ്ട് ചെയ്ത വിവരങ്ങൾ സാംഖ്യയിൽ ലഭ്യമായിട്ടില്ല എന്നും ആയതിനാൽ മുൻപുള്ള കാലഘട്ടങ്ങളിലെ ഓപ്പണിംഗ് ബാലൻസ് ഇനത്തിലുള്ള ഡെപ്പോസിറ്റ് തുക ലഭ്യമല്ലാത്തതുമാണ് എന്നും മറുപടിയിൽ അറിയിച്ചു. ആയതിനാലാണ് റെൻറ് ഡെപ്പോസിറ്റ് രജിസ്റ്ററും സാംഖ്യ ബാലൻസും തമ്മിൽ വ്യത്യാസം വന്നിട്ടുള്ളത് എന്ന് വിശദീകരിച്ചു. എന്നാൽ ഹാജരാക്കിയ റെൻ്റ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിലവിലെ ബാലൻസ് തുക വ്യക്തമല്ല.

നഗരസഭയുടെ ദൈനംദിന ചെലവുകൾക്കായി റെൻ്റ് ഡെപ്പോസിറ്റ്, ഓക്ഷൻ ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെട്ട തുക തനതുഫണ്ടിൽ നിന്ന് മുൻവർഷങ്ങളിൽ ചെലവ് ചെയ്തതായാണ് മറുപടിയിൽ അറിയിച്ചത്. ഇത് ഗുരുതര

വീഴ്ചയാണ്. മേൽ ഡെപ്പോസിറ്റ് ഇനത്തിലെ ആകെ തുക 42695823/ തുക തനതു ഫണ്ടിൽ നിലവിൽ നീക്കിയിരിപ്പിൽ ലഭ്യമല്ല.

ഓക്ഷൻ ഡെപ്പോസിറ്റ് ബാലൻസ് തുക 2,41,06,439/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് ആയി നിക്ഷേപിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ 16,48,469/- രൂപ മാത്രമേ ബാലൻസ് ഉള്ളൂ. റെന്റ് ഡെപ്പോസിറ്റ്, ഓക്ഷൻ ഡെപ്പോസിറ്റ് ഇനങ്ങളിൽ ലഭിച്ചിട്ടുള്ള തുകകൾ നഗരസഭയുടെ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ് എന്നും നിശ്ചിതകാലാവധി കഴിഞ്ഞിട്ടുള്ളവ നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ് എന്നുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായാണ് നഗരസഭ ഡെപ്പോസിറ്റ് തുകകൾ കൈകാര്യം ചെയ്യുന്നത്. വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ നിലവിൽ നഗരസഭയുടെ കണക്കിൽ നീക്കിയിരിപ്പിലില്ല എന്നതിന്റെ നിജസ്ഥിതി സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ - തുക നൽകിയതിലെ അപാകത - 7,451/- രൂപ നഷ്ടം

നഗരസഭ നടപ്പാക്കിയ പ്രൊജക്റ്റ് നം. S220/22 പ്രകാരമുള്ള വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ പ്രൊജക്ടിൽ കരാറുകാരൻ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ അധികം നൽകിയതിനാൽ 6162/- രൂപയുടെ നഷ്ടം സംഭവിച്ചു. കൂടാതെ കരാറുകാരനിൽ നിന്ന് ആദായ നികുതി റ്റി ഡി എസ് ഈടാക്കിയതിലും 1,289/- രൂപയുടെ കുറവ് സംഭവിച്ചു. വിശദ വിവരം ഭാഗം 3 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-20 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്-ആദായ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭയിൽ 2021-22 വർഷത്തിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിന് എ.എം.സി നല്കിയിരുന്നത് M/s GREEN DOT, KOCHI എന്ന സ്ഥാപനത്തിനാണ്. എ.എം.സി യുടെ രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് തുകയായ 49235/- രൂപ വൗച്ചർ നം. 11/8-21 തീയതി 3-8-21 പ്രകാരം നല്കിയപ്പോൾ അതിൽ നിന്നും 2% ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. ഇപ്രകാരം ഇൻകം ടാക്സ് ഈടാക്കാതിരുന്നതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.36/29-11-22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആദായ നികുതി നിയമത്തിലെ സെക്ഷൻ 194(സി)പ്രകാരം സ്ഥാപനത്തിൽ നിന്നും 2% നിരക്കിലാണ് ആദായ നികുതി ഈടാക്കേണ്ടത്. രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് തുകയായ 49235/- രൂപയുടെ 2% നിരക്കായ 985/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഹെഡിൽ അടയ്ക്കേണ്ടതാണ്. ഇപ്രകാരം ഒന്നാമത്തെ ഇൻസ്റ്റാൾമെന്റ് തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയതും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ / 82/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സർക്കാർ ഹോമിയോ ആശുപത്രി മൂവാറ്റുപുഴ |
| അടങ്കൽ തുക | 7,00,000/-(മെയിന്റനൻസ് ഫണ്ട്,റോഡിതരം) |
| ചെലവഴിച്ച തുക | 7,00,000/- |
| ബിൽ നം. /തീയതി (ACR പ്രകാരം) | 71, 28.08.2021 |

മേൽ പദ്ധതി പ്രകാരം 700000/- രൂപ ഹോംകോയ്ക്ക് ബാങ്ക് ട്രാൻസ്ഫർ മുഖേന 25.09.2021 ൽ നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായ ഇൻവോയിസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. | തീയതി | തുക |
|---|---|---|---|
| 1 | LF 433 | 26.07.2022 | 3,01,016 |
| 2 | LF 882 | 29.10.2022 | 2,11,356 |
| ആകെ | | | 5,12,372 |

ആകെ 5,12,372/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി 1,87,628/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ബാക്കി മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/ 21.11.2022) മറുപടി ലഭിച്ചു. ഹോംകോയ്ക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും Bulk Order ഉള്ളതിനാലാണ് മരുന്നുകൾ കൃത്യസമയത്ത് ലഭിക്കാത്തതെന്നും, മരുന്ന് ലഭിക്കുന്ന മുറക്ക് ഇൻവോയിസും, സ്റ്റോക്കും ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. ഇപ്രകാരം മരുന്ന് ലഭ്യമാകുന്നതിൽ ഉണ്ടാകുന്ന കാലതാമസം സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. മരുന്ന് ലഭ്യമാക്കി ഇൻവോയിസ് ലഭ്യമാക്കുന്നത് വരെ 1,87,628/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

### 1-21-1 മരുന്ന് ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷത്തിൽ സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, മൂവാറ്റുപുഴ നിർവ്വഹണം നടത്തിയ താഴെ പറയുന്ന വിവിധ പദ്ധതികളിലായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അവരുടെ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂർ നൽകിയിരിക്കുകയാണ്. എന്നാൽ നാളിതുവരെ അടവാക്കിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | ചെലവഴിച്ച തുക /ബിൽ നം / തീയതി | പ്രൊഫോർമ ഇൻവോയിസ് നം./തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്ന് |
|---|---|---|---|---|---|
| 1 | 83/22<br>സൈക്യാട്രി വിഭാഗത്തിലേക്ക് മരുന്ന് വാങ്ങൽ | 100000/-<br>6/21-22 Dt.6/8/21 | PRF 1481<br>3/8/21 | 35,357 | 64,643/- |
| 2 | 296/22<br>ജനറൽ ആശുപത്രിയിലേക്ക് അത്യാവശ്യ മരുന്ന് വാങ്ങൽ | 400000/-<br>24/21-22 Dt.30/3/22 | PRF7415<br>26/3/22 | 2,17,587 | 1,82,413/- |
| 3 | 79/22<br>ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ | 500000/-<br>7/2021-22 Dt.13/08/21 | PRF 1518<br>5/8/21 | 4,57,942/- | 42,058/- |
| | | | | 7,10,886/- | 2,89,114/- |

2,89,114 /- തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കുന്നതുവരെ 2,89,114/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-22 വീട് വയറിംഗിന് ആനുകൂല്യം-അവശ്യ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | S44/22, വീട് വയറിംഗ് (എസ്.സി. വിഭാഗം) |
| അടങ്കൽ, ഫണ്ട് | 9,000/- (എസ്.സി.പി.) |
| ചെലവ് | 9,000/- |
| ബിൽ നമ്പർ/തീയതി | 11/21-22 തീയതി 07.01.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ,<br>നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് വയറിംഗ് നടത്തിയ ഇനത്തിൽ പദ്ധതി പ്രകാരം 9000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ ഉ(കൈ)നം. 22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.7 ലെ ക്രമ നമ്പർ 2 പ്രകാരം ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് അനിവാര്യമായ താഴെപ്പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

1. മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തിയെന്ന ഓവർസിയറുടെ സാക്ഷ്യപത്രം.
2. കെ എസ് ഇ ബി-യിൽ ഡിഡി അടച്ച രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാമഗ്രികൾ ഉപയോഗിച്ച് വയറിംഗ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ.

മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 19.11.2022 ലെ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യം അനുവദിക്കുന്നതിന് മാർഗ്ഗരേഖ പ്രകാരം ഹാജരാക്കേണ്ട രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ 9,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-23 സെക്രട്ടറിയുടെ ശമ്പളം - മുനിസിപ്പാലിറ്റി ആക്ടിലെ നിർദ്ദേശം പാലിച്ചില്ല

1994ലെ കേരള മുനിസിപ്പലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും സർക്കാർ ട്രഷറിയിൽ തന്നെ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓരോ മാസവും ഇപ്രകാരം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ. 2021-22 വർഷത്തിൽ സെക്രട്ടറി കൈപ്പറ്റിയ തുകകൾ തനത് ഫണ്ടിൽ നിന്നും ട്രഷറിയിൽ അടവാക്കിയതായി കാണുന്നില്ല. (ശമ്പളം, ഉത്സവബത്ത എന്നീയിനങ്ങളിലായി 7,68,890/- രൂപ കൈപ്പറ്റിയിട്ടുണ്ട്) ആയത് ട്രഷറിയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് 28.11.2022 ന് നൽകിയ 33-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭയുടെ

സാമ്പത്തിക പരാധീനത മൂലമാണ് തുക ട്രഷറിയിൽ അടവാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ഒടുക്കാൻ ബാക്കി നിൽക്കുന്നതായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിയമപ്രകാരം അടവാക്കേണ്ട തുക സർക്കാരിലേക്ക് അടവാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 ഭിന്നശേഷി സ്കോളർഷിപ്പ്- മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാർക്ക് ആനുകൂല്യം നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S025/22 |
| അടങ്കൽ | 1620968/- (വികസന ഫണ്ട്-സാധാരണം) |
| ചെലവ് | 851200/- |
| ബിൽ നമ്പർ, തീയതി, തുക | 1) 189/21-22 തീയതി 08.12.2021, തുക 819200/-<br>2) 201/21-22 തീയതി 17.12.2021 തുക 32000/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരം ഇവർ മൂവാറ്റുപുഴ നഗരസഭയിലെ സ്ഥിരതാമസക്കാരല്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | റേഷൻ കാർഡ് നമ്പർ | റേഷൻ കാർഡിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | അൽഫോൻസാ വിൽസൻ,<br>പുറ്റത്താങ്കൽ, വള്ളളിയാട് | 2178048243 | പുതുപ്പാടി ഗ്രാമപഞ്ചായത്ത് |
| 2 | ഗായത്രി സി ആർ,<br>കാക്കനാട് മഠം, മാന്നാർ | 1422022163 | മാന്നാർ ഗ്രാമപഞ്ചായത്ത് |
| 3 | മുഹമ്മദ് ഷഹ്ബാൻ,<br>പുതുശ്ശേരി, മഞ്ഞപ്പെട്ടി | 17381144139 | വാഴക്കുളം ഗ്രാമപഞ്ചായത്ത് |
| 4 | ഗോപിക എസ്,<br>D/o സുരേഷ്കുമാർ പി എസ്, ലക്ഷ്മിവിലാസം | 1674040006 | കൊന്നത്തടി ഗ്രാമപഞ്ചായത്ത് |
| 5 | ചിപ്പി മരിയ രാജു,<br>D/o രാജു മത്തായി, കുഴിമറ്റത്തിൽ | 1740055634 | ആവോലി ഗ്രാമപഞ്ചായത്ത് |
| 6 | അനന്തു പ്രഭ,<br>S/o പ്രഭ പി വേലായുധൻ, പാലക്കാട്ട് പുത്തൻപുര | 1740013397 | ആവോലി ഗ്രാമപഞ്ചായത്ത് |

മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാരായ വ്യക്തികൾക്ക് ഈ നഗരസഭയിൽ നിന്നും ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 19.11.2022 തീയതിയിലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ വിദ്യാർത്ഥികൾ നഗരസഭാ കൗൺസിലിന്റെ 22.09.2021 ലെ 27-ാം നമ്പർ തീരുമാനപ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന് അറിയിച്ചിട്ടുണ്ട്. ഇവർ വർഷങ്ങളായി നഗരസഭാ പരിധിയിൽ വാടകയ്ക്ക് താമസിച്ചുവരുന്നവരാണെന്നും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനാർത്ഥമാണ് ഇവർ ഇവിടെ താമസിക്കുന്നതെന്നും ഇവരുടെ സ്വന്തം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് അവിടുത്തെ ഐ സി ഡി എസ് സൂപ്പർവൈസറെ ഫോണിൽ ബന്ധപ്പെട്ട് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സാക്ഷ്യപത്രങ്ങളൊന്നും ഫയലിൽ ഇല്ല. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും അവസ്ഥയും സ്വന്തം പഞ്ചായത്തിൽ പോയി അപേക്ഷ വയ്ക്കാനുള്ള ബുദ്ധിമുട്ടും പരിഗണിച്ചാണ് ഇവിടെ നിന്ന് സ്കോളർഷിപ്പ് നൽകിയതെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. സ്വന്തം തദ്ദേശ സ്ഥാപനത്തിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം വിതരണം ചെയ്യാവുന്നതാണെന്ന് സർക്കാർ ഉത്തരവ് ഇല്ലാത്ത നിലയ്ക്ക് നഗരസഭയിലെ വോട്ടർമാർ അല്ലാത്ത ഗുണഭോക്താക്കളെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതും ഈ തദ്ദേശ സ്ഥാപനത്തിലെ ആനുകൂല്യം ഇവിടുത്തെ സ്ഥിരതാമസക്കാർക്ക് അർഹതയ്ക്ക് വിധേയമായി അനുവദിക്കേണ്ടതുമാണ്.

## 1-25 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പൂർത്തിയാക്കി അറിയിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S267/22, സ്മാർട്ട് ഗാർബേജ് സിസ്റ്റം |
| അടങ്കൽ തുക | 7,63,000/-(ധനകാര്യ കമ്മീഷൻ അവാർഡ് തുക) |
| ആകെ ചെലവ് തുക | 7,54,999/- |
| ബിൽ നമ്പർ/തീയതി | 520/2021-22 തീയതി 23.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന Smart Garbage App പദ്ധതിയിൽ മൊബൈൽ ആപ്പ് പ്രവർത്തനം ആരംഭിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി (

ലാപ്ടോപ്പ്- 41999/- രൂപ, സർവീസ് ചാർജ്, എസ് എം എസ് ചാർജ്- 673000/- രൂപ, ക്യൂ ആർ കോഡ്- 40000/-രൂപ ) ജി ഒ (ആർ ടി) നം.2307/2021 എൽ എസ് ജി ഡി തീയതി 18.11.2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആകെ 754999/- രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ)-ന് നൽകിയിട്ടുണ്ട്. ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ വഴി തദ്ദേശസ്ഥാപനതലത്തിൽ നടക്കുന്ന മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിരീക്ഷണം, ഉപഭോക്താക്കളുടെ വിവര ശേഖരണം, നിലവിൽ ലഭ്യമായ മാലിന്യ സംസ്കരണ നടപടികൾ, സർവീസ് നടത്തുമ്പോൾ വിശദാംശങ്ങൾ രേഖപ്പെടുത്തൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. കെൽട്രോൺ, ശുചിത്വ മിഷൻ, നഗരസഭ എന്നിവർ 18.03.2022 ന് ഒപ്പ് വച്ച ത്രികക്ഷി കരാറിൽ ഹരിതകർമ്മ സേനാംഗങ്ങൾ, മറ്റ് നഗരസഭാ ജീവനക്കാർ എന്നിവർക്കുള്ള പരിശീലനം ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തിയാക്കും എന്നാണ് വ്യവസ്ഥ ചേർത്തിട്ടുള്ളത്. നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവരുടെ പരിശീലനം പൂർത്തിയായിട്ടുണ്ടോയെന്നും, എല്ലാ വാർഡുകളിലും ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് ആപ്പ് പ്രവർത്തനക്ഷമമായോ എന്നും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 19.11.2022 ൽ 4ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള പരിശീലനം 14.06.2022ൽ നൽകിയെന്നും ആകെയുള്ള 28 വാർഡുകളിൽ 9 എണ്ണത്തിൽ QR കോഡ് പതിപ്പിക്കുന്ന നടപടി പൂർത്തിയായെന്നും അറിയിച്ചു. 11 വാർഡുകളിൽ ഒരാഴ്ചക്കുള്ളിലും ബാക്കി വാർഡുകളിൽ ഡിസംബർ അവസാനത്തോടെയും പൂർത്തിയാകുമെന്നാണ് മറുപടിയിൽ ചേർത്തിട്ടുള്ളത്. മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഖരമാലിന്യ സംസ്കരണം - RRF ൽ സുരക്ഷാക്രമീകരണം ഉറപ്പുവരുത്തേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S270/22, ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ തുക | 23,50,000/-(ധനകാര്യ കമ്മീഷൻ അവാർഡ് തുക) |
| ആകെ ചെലവ് തുക | 23,50,000/- |
| ബിൽ നമ്പർ/തീയതി | 456/2021-22 തീയതി 09.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ ലഘൂകരണ സെൽ |

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്ലാസ്റ്റിക് മാനേജ്മെന്റ് റൂൾസ് 2016 എന്നിവ നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ നഗരസഭകളിലും ഒരു റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (RRF) എങ്കിലും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണെന്ന് നഗരകാര്യ ഡയറക്ടറുടെ 30.12.2019 ലെ ഡി സി1-21704/2019 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ സ്ഥാപിച്ച RRF ൽ നിന്ന് 198595 കിലോ ഗ്രാം മാലിന്യം നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് 23,50,000/- രൂപ ഈ പ്രൊജക്ട് പ്രകാരം നൽകിയിട്ടുണ്ട്.

നഗരസഭയുടെ കടാതിയിലുള്ള ഡംപിംഗ് യാർഡിൽ 07.12.2021, 10.02.2021, 19.02.2022 എന്നീ തീയതികളിൽ തീപിടുത്തം ഉണ്ടായതിനെത്തുടർന്ന് ഫയർ ഓഡിറ്റ് നടത്തി മൂവാറ്റുപുഴ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ഓഫീസർ മുൻകരുതൽ സംബന്ധിച്ച് 25.02.2022 ൽ സി.27/2021 നമ്പർ കത്ത് നൽകിയിട്ടുണ്ട്. തീ പിടുത്തങ്ങൾ ഉണ്ടായപ്പോൾ തീ അണയ്ക്കുന്നതിന് യാതൊരുവിധ അഗ്നിശമന സുരക്ഷാ സംവിധാനങ്ങളും ക്രമീകരിച്ചിട്ടില്ലാത്തതായി കാണപ്പെട്ടുവെന്ന് കത്തിൽ സ്റ്റേഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്ത് അഗ്നി പ്രതിരോധ സുരക്ഷാ ക്രമീകരണങ്ങൾ സജ്ജീകരിക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ എത്രയും വേഗം സജ്ജീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. കുറഞ്ഞത് ഒരു ലക്ഷം ലിറ്റർ വെള്ളം ലഭിക്കുന്നതിന് പര്യാപ്തമായി വാട്ടർ ടാങ്കും / കിണറും മോട്ടറും
2. യാർഡിന്റെ നാല് വശത്തും വെള്ളം ലഭിക്കും വിധം കുറഞ്ഞത് ആറ് ഫയർ ഹൈഡ്രന്റുകൾ
3. ഫയർ യൂണിറ്റ് വാഹനങ്ങൾ കടന്നു പോകുന്നതിന് അനുയോജ്യമായ രീതിയിൽ യാർഡ് 100 ചതുരശ്ര മീറ്ററായി തിരിച്ച് ഓരോ ഭാഗങ്ങൾക്കിടയിലും 15 അടി വീതിയിൽ റോഡ്.
4. ഡംപിംഗ് യാർഡിന് ചുറ്റും കുറഞ്ഞത് 10 അടി ഉയരത്തിൽ മതിലും മതിലിനുള്ളിൽ 20 അടി വീതിയിൽ ഫയർ ലൈൻ / റോഡും.
5. ഫയർ എക്സ്റ്റിംഗ്യൂഷറുകളും ഫയർ ബക്കറ്റുകളും
6. യാർഡിലെ ജോലിക്കാർക്ക് ഫയർ ഫൈറ്റിംഗ്, ഫസ്റ്റ് എയ്ഡ് എന്നിവയിൽ പരിശീലനം
7. 24 മണിക്കൂറും സുരക്ഷാ ജീവനക്കാരുടെ സേവനം

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളും സുരക്ഷാക്രമീകരണങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്ത സാഹചര്യത്തിൽ തീപിടുത്തം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന് 02.02.2022 ലെ ഡബ്ല്യു എം 1/40/2022/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ 12 ഇനം ഇലക്ട്രിക്കൽ സുരക്ഷാ നിർദ്ദേശങ്ങൾ, 12 ഇനം ഫയർ & റെസ്ക്യൂ സുരക്ഷാ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ RRF ൽ ഒരുക്കിയിട്ടുണ്ടോയെന്നും, ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ നിന്ന് നിർദ്ദേശിച്ച കത്തിന്റെ അടിസ്ഥാനത്തിൽ അഗ്നി പ്രതിരോധ സുരക്ഷാ ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 19.11.2022 ൽ 2ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് സുരക്ഷാ ജീവനക്കാരുടെ സേവനം സംബന്ധിച്ച് മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പകൽ നഗരസഭാ ജീവനക്കാരും ഹരിത കർമ്മസേനാംഗങ്ങളും യാർഡിൽ ജോലി ചെയ്യുന്നതിനാൽ പകൽ സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടില്ലെന്നും, രാത്രി സുരക്ഷാ ജോലിക്ക് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണം ചട്ടപ്രകാരം നടപ്പാക്കേണ്ടതിന് RRF, MCF എന്നിവയുടെ തുടർപ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടെ മതിയായ സുരക്ഷ ഉറപ്പുവരുത്തി മാത്രം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

## 1-27 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | IKM വിഹിതം - തുക നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 11/21-22 |
| അടങ്കൽ തുക / ഫണ്ട് | 128345രൂപ. |
| ചെലവ് തുക/ ബിൽ നം./ തീയതി | 128345 രൂപ. ബിൽ നം 14/തിയതി 13.7.21 |

IKM വിഹിതം - തുക നല്കൽ എന്ന പ്രോജക്ടിനായി 1,28,345/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 1,28,345/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ജി.ഒ.(പി)നം.419/11ഫിൻ തീയതി 04.10.2011 പ്രകാരം താൽക്കാലിക അഡ്വാൻസ് കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതും അഡ്വാൻസ് തുക മുഴുവൻ ചെലവാകാത്ത പക്ഷം 3 മാസത്തിനുള്ളിൽ ബില്ല് സമർപ്പിച്ച് തുക തിരിച്ചടച്ചില്ലെങ്കിൽ അവശേഷിക്കുന്ന തുക 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 1975-76 വർഷം തുടങ്ങി നൽകിയ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാത്തതായി കാണുന്നു. ഇപ്രകാരമൊരു നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2021-22 വർഷം 1,87,500/-രൂപ മുൻകൂർ നല്കിയിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മൂന്നു മാസത്തിൽ കൂടുതൽ കാലയളവ് കഴിഞ്ഞിട്ടുള്ളത് 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. തുക 1,09,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഇതു സംബന്ധിച്ച് 23.11.2022ൽ നല്കിയ 14ാം നം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി തുടർ നടപടികൾ സ്വീകരിച്ചതായി അറിയിച്ചെങ്കിലും അതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.)

| ക്രമ നം | വൌ.നം /തീയതി | ഫയൽ നം | തുക |
|---|---|---|---|
| 1 | 38/5-21 Dt.5.5.21 | PH2-10534/20<br>ഷീന JHI | 9,000/- |
| 2 | 72/9-21 Dt.28.9.21 | PW1-18700/17<br>ഷമീന | 90,000/- |
| 3 | 50/11-21 Dt.24.11.21 | PH2-1269/18<br>ശ്രീജി JHI | 10,000/- |
| | | ആകെ | 1,09,000/- |

## 1-29 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നഷ്ടപരിഹാരം- ഫയൽ ഹാജരാക്കിയില്ല.

ഫയൽ നം. :- 722/22 ,

വൌച്ചർ നം. :- 85/3-22, ചെക്ക് നം. 216574/17.3.2022 തുക 3,20,000/-

നഗരസഭയുടെ കച്ചേരിത്താഴം ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മാണത്തോടനുബന്ധിച്ച് ശ്രീ എൻ.കെ.ബാലകൃഷ്ണമേനോനും നഗരസഭയുമായി ഉണ്ടായിരുന്ന OS No -200/93 ലെ EP No. 200/1993 പ്രകാരം കോടതി ചെലവും നഷ്ടപരിഹാരവും നഗരസഭയുടെ വസ്തുവകകളിൽ നിന്നും കണ്ടുകെട്ടി നല്കുവാൻ വിധിയായിട്ടുണ്ട്. ആയതിനായി മേൽ സൂചിപ്പിച്ചിട്ടുള്ള വൌച്ചർ പ്രകാരം 3,20,000/- രൂപ നല്കിയിട്ടുണ്ട്. ഈ ചെലവു വിവരം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(1) OS No -200/93 കേസ് ഫയൽ

(2) ഹാജരാക്കിയ ഫയലിൽ ഡസ്റ്റർ വാഹനം കണ്ടുകെട്ടി തുക നൽകാൻ തീരുമാനിച്ചിട്ടുള്ളതിനാൽ KL-17-5548 Duster വാഹനം കണ്ടുകെട്ടിയാണോ തുക നല്കിയത് എന്നത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച ഫയൽ/രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26 തീയതി 26.11.2022) മറുപടിയും ലഭ്യമാക്കിയില്ല. ഫയൽ /രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതു വരെ ചെലവ് തുക 3,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 കിഴക്കേക്കര കുടിവെള്ള പദ്ധതി - സമയബന്ധിതമായി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കിഴക്കേക്കര കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ടിന്റെ നം./ വർഷം | 158/21-22 |

| | |
|---|---|
| അടങ്കൽ തുക / ഫണ്ട് | 55ലക്ഷം രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക/ ബിൽ നം./തീയതി | 31,65,429/- ലക്ഷം രൂപ (ബിൽ നം. 549/തീയതി 26.3.22) |
| എം. ബുക്ക് നം | (1) 73/mvpa/21-22 (2) 74/mvpa/21-22<br>(3) 98/mvpa/21-22 (4) 72/mvpa/21-22<br>(5) 96/mvpa/21-22 |

മുവാറ്റുപുഴ നഗരസഭ വാർഡ് 11 രണ്ടാർക്കരയിൽ കിഴക്കേക്കര കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് 55 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പദ്ധതിയിൽ ശ്രീ പ്രമോദ് അലി മുണ്ടാട്ട് എന്ന വ്യക്തിയുടെ ടെൻഡർ 40,95,411.89 രൂപ അംഗീകരിച്ച പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് (എഗ്രിമെന്റ് നം 45/AEXE/21-22 Dt.12.1.2022). ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടു.

(1) സാങ്കേതികാനുമതി പ്രകാരം എഗ്രിമെന്റ് തീയതി തുടങ്ങി ആറു മാസത്തേയ്ക്കാണ് പ്രവൃത്തിയുടെ കാലാവധി. എന്നാൽ വർക്ക് ഓർഡർ പ്രകാരം ഒരു വർഷം കാലാവധി അനുവദിച്ചു. എന്നാൽ തുക മുൻകൂറായി നൽകിയിട്ടുണ്ട്.

(2) പ്രസ്തുത സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം ഹാജരാക്കിയില്ല.

(3) ഈ പ്രവൃത്തിയ്ക്കായി MPLAD ഫണ്ട് അനുവദിച്ചതായി ഫയലിൽ കാണുന്നുണ്ട്. ഒരു പ്രവൃത്തിയ്ക്കായി സമാന്തരമായി വിവിധ ഫണ്ടുകൾ ഉപയോഗിക്കുമ്പോൾ തുക വിനിയോഗം വ്യക്തമായി രേഖപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(4) പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള പമ്പ് ഹൌസ്, പമ്പിംഗ് മെയിൻ വിതരണ ലൈൻ, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ലാത്തതായി കാണുന്നുണ്ട്. (ഫൈനൽ ബിൽ പ്രകാരം) ഇപ്രകാരം അപൂർണ്ണമായി പ്രവൃത്തി നടപ്പാക്കുന്നത് അംഗീകരിക്കാവുന്നതല്ല.

(5) നാളിതുവരെ ഈ പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കാൻ അനുമതി ലഭ്യമാക്കിയതായി ഫയലിൽ ഇല്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നല്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തി.25.11.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിശദീകരണം ലഭ്യമാക്കി പദ്ധതി പൂർത്തികരിക്കുന്നതുവരെ 31,65,429/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 RRF നിർമ്മാണം - മുൻകൂറായി തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | RRF നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുൻസിപ്പൽ എഞ്ചിനീയർ |
| പ്രോജക്ടിന്റെ നം. / വർഷം | 260/21-22 |
| അടങ്കൽ തുക / ഫണ്ട് | 26 ലക്ഷം രൂപ<br>(1)10,84,200/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്,<br>(2)9,10,000/- കേന്ദ്രാവിഷ്കൃത ഫണ്ട്,<br>(3)6,05,800/- സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് തുക/ ബിൽ നം. തീയതി | (1) 10,84,200 ലക്ഷം രൂപ. ബിൽ നം 547/തീയതി 26.3.22<br>(2) 5,26,156 ലക്ഷം രൂപ. EFMS (ശുചിത്വ മിഷൻ ഫണ്ട്)<br>------------------------------------------------------<br>ആകെ - 16,10,356/- ലക്ഷം രൂപ |
| എം. ബുക്ക് നം. | (1) 70/mvpa/21-22 (2) 71/mvpa/21-22 |

മുവാറ്റുപുഴ നഗരസഭ RRF നിർമ്മാണം എന്ന പദ്ധതി നടപ്പാക്കുന്നതിന് 26 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പദ്ധതിയിൽ ശ്രീ നാസർ ടി.കെ. എന്ന കരാറുകാരന്റെ ടെൻഡർ 2003986.26 രൂപയ്ക്ക് അംഗീകരിച്ചു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന്റെ ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

(1) പ്രസ്തുത സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം

(2) ഈ പ്രവൃത്തിയ്ക്കായി MPLAD/MLA ഫണ്ട് അനുവദിച്ചതായി ഫയലിൽ ഉണ്ട്. ഒരു പ്രവൃത്തിയ്ക്കായി

സമാന്തരമായി വിവിധ ഫണ്ടുകൾ ഉപയോഗിക്കുമ്പോൾ തുക വിനിയോഗം വ്യക്തമായി രേഖപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടു എങ്കിലും ഹാജരാക്കിയില്ല.

(3)എസ്റ്റിമേറ്റ് / റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം26 തി.26.11.2022) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് വിധേയമായി ഈയിനത്തിൽ ചെലവഴിച്ച 16,10,356/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 തോടുകളുടെ നവീകരണം - നിർവ്വഹണത്തിലെ അപാകത - 4,88,608/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭ നടപ്പാക്കിയ തോട് നവീകരണ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും എം.ബുക്ക് രേഖപ്പെടുത്തലിലും പോരായ്മകൾ ഉള്ളതായി കാണുന്നു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | S232/21-22 (സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ തോട് വൃത്തിയാക്കൽ |
| എസ്റ്റിമേറ്റ് തുക | 4,88,608/- |
| ഫണ്ടിനം | പൊതുവിഭാഗം |
| ചെലവ്/ ബിൽ നം | 4,88,608/- (50/06.08.2021) |
| എം ബുക്ക് നം | 438/20 - 21 |
| കരാറുകാരൻ | അലി പി പി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

അപാകതകൾ താഴെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത.

നഗരസഭയുടെTS No : 65924/2020-21 ന്റെ അടിസ്ഥാനത്തിലുള്ള എസ്റ്റിമേറ്റിൽ താഴെ പറയുന്ന 3 ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

| ക്രമ നം | ഇനം | അളവ് | നിരക്ക് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2.8.1 Earth Work In Excavation By Mechanical Means (Hydraulic Excavator)/Manual Means........ | 319 Cum | 232.78/cum | 74256.82 | നിരക്ക് DAR പ്രകാരം |
| 2 | Od895932/2020-2021 Engaging Man Coolies | 35 | 597.93/Day | 20927.55 | നിരക്ക് DAR പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റ |
| 3 | Od897371/2020-2021 | 31.5 മണിക്കൂർ | 11002.35/Day | 346574.03 | നിരക്ക് MoRD പ്രകാരമുള്ള ഒബ്സർവ്ഡ് ഡാറ്റ. അളവ് ആദ്യം മണിക്കൂറിൽ രേഖപ്പെടുത്തി പിന്നീട് ദിവസം എന്നാക്കിയിരിക്കുന്നു |

(A) എസ്റ്റിമേറ്റിലെ ക്രമം നം 1 എർത്ത് വർക്ക് എക്സ്കവേഷൻ ആണ്. എന്നാൽ ആയത് കൂടാതെ ഇനം 3 ആയി ഹൈഡ്രോളിക് എക്സ്കവേറ്റർ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കാരണം വ്യക്തമല്ല.

(B) എസ്റ്റിമേറ്റ് ക്രമം നം 2 പ്രകാരം എൻഗേജിംഗ് മാൻ കൂലീസ് നൽകിയിട്ടുണ്ട്. ഇത് ഏത് പ്രവൃത്തിക്ക് വേണ്ടിയാണെന്ന് വ്യക്തമല്ല.

(C) ചീഫ് എഞ്ചിനീയറുടെ 14.10.2016 ലെ DB3/6512(B)/2013/CE/LSGD നം സർക്കുലർ പ്രകാരം സി പി ഡബ്ല്യു ഡി സ്പെസിഫിക്കേഷൻ/ഡാറ്റയും MoRD, MoRTH സ്പെസിഫിക്കേഷൻ/ഡാറ്റയും കൂട്ടിക്കലർത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതില്ല. എന്നാൽ ഈ പ്രവൃത്തിയിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

(D) എസ്റ്റിമേറ്റ് ക്രമ നം 3 പ്രകാരം ഹൈഡ്രോളിക് എക്സ്കവേറ്റർ അളവ് മണിക്കൂറിൽ തയ്യാറാക്കി പിന്നീട് ദിവസം എന്നതിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിന്റെ കാരണം വ്യക്തമല്ല. മണിക്കൂറിൽ തയ്യാറാക്കേണ്ട നിരക്ക് ദിവസ അടിസ്ഥാനത്തിൽ നൽകിയതിന്റെ കാരണവും ഫയലിൽ നിന്ന് വ്യക്തമല്ല.

(E) MoRTH ന്റെ ഇനം 3.06 പ്രകാരം Excavation In Soil Using Hydraulic Excavator എന്ന ഇനം ലഭ്യമാണ്. പ്രസ്തുത നിരക്ക് സ്വീകരിക്കാതെ MoRD പ്രകാരം ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

എം ബുക്ക് രേഖപ്പെടുത്തലിലെ അപാകത

(A) ഫയലിൽ സൂക്ഷിച്ചിട്ടുള്ള അനുഗ്രഹ എർത്ത് മൂവേഴ്സ്, മൂവാറ്റുപുഴയുടെ 24.12.2020 ലെ 3314 ാം നം ബിൽ പ്രകാരം 248 മണിക്കൂർ എക്സ്കവേറ്റർ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ എം ബുക്കിലെ പേജ് നം 4 പ്രകാരം 31 ദിവസം ഹൈഡ്രോളിക് എക്സ്കവേറ്റർ പ്രവർത്തിച്ചതിന് പ്രതിദിനം 11002.35 രൂപ നിരക്കിൽ 341072.85 രൂപ നൽകിയിട്ടുണ്ട്. നൽകിയ ബില്ലിനെ മണിക്കൂറിലേക്ക് മാറ്റിയതിന്റെ കാൽക്കുലേഷൻ ഷീറ്റ്

ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

(B) ഹൈഡ്രോളിക് എക്സ്കവേറ്ററിന്റെ ദിനം പ്രതിയുള്ള ഉപയോഗം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പൊതുപോരായ്മകൾ

(A) അനുഗ്രഹ എർത്ത് മൂവേഴ്സിന്റെ ബിൽ പ്രകാരം തുക്ക പാടശേഖരം വൃത്തിയാക്കുന്നതിന് എക്സ്കവേറ്റർ ഉപയോഗിച്ചതായാണ് കാണുന്നത്. എന്നാൽ ഫയലിൽ പാടശേഖരം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. പാടശേഖരത്തിന്റെ എത്ര വിസ്തൃതി വൃത്തിയാക്കി എന്ന വിവരം ലഭ്യമല്ല.

(B) പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/25/11/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ്, പ്രൊജക്ട് നിർവ്വഹണം എന്നിവ സംബന്ധിച്ച് മുകളിൽ പരാമർശിച്ചിട്ടുള്ള പോരായ്മകൾ പരിഹരിച്ച് വിശദവിവരം / രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ 4,88,608/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 വീട് മെയിന്റനൻസ്-കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം ,<br>പ്രോജക്ടിന്റെ പേര് | S74/22,<br>പട്ടികജാതി വിഭാഗത്തിന് വീട് മെയിന്റനൻസ് |
| അടങ്കൽ, ഫണ്ട് | 647667/- (എസ് സി പി) |
| ചെലവ് | 621707/- |
| ബിൽ നമ്പർ/തീയതി | 174/27.11.2021 തുക 25000/-<br>186/03.12.2021 തുക 50000/-<br>229/23.12.2021 തുക 25000/-<br>255/07.01.2022 തുക 25000/-<br>269/12.01.2022 തുക 75000/-<br>277/18.01.2022 തുക 75000/-<br>413/15..02.2022 തുക 71707/-<br>438/22.02.2022 തുക 25000/-<br>440/22.02.2022 തുക 25000/-<br>444/02.03.2022 തുക 25000/-<br>447/07.03.2022 തുക 25000/-<br>453/08.03.2022 തുക 25000/-<br>466/16.03.2022 തുക 50000/-<br>480/19.03.2022 തുക 25000/-<br>505/22.03.2022 തുക 25000/-<br>565/30.03.2022 തുക 50000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ഈ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കുന്നതിനായി ആകെ 13 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 13 ഗുണഭോക്താക്കളിൽ 7 പേർ പട്ടികജാതി വികസന ഓഫീസിൽ നിന്നും വിവിധ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവരാണെന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആനുകൂല്യം ലഭിച്ച വർഷം | കുറിപ്പ് |
|---|---|---|---|
| 1 | ലതിക ഷാജി,<br>തടിലക്കുടിപ്പാറയിൽ | 2013-14 | |
| 2 | അനുരു കെ കെ,<br>കുറ്റിയാനിക്കൽ തണ്ടേൽ | 2010-11,<br>2014-15 | 52692/- രൂപ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിയിൽ 9000/- രൂപയുടെ പ്രവൃത്തി Ferro Cement Slab Work ആണ്. |
| 3 | മനോജ് എ എസ്,<br>ആനിക്കുഴിയിൽ വീട്,<br>രണ്ടാർ പി ഒ | 2012-13 | |
| 4 | അമ്മിണി,<br>ആശാരിക്കുടിയിൽ | 2011-12 | |
| 5 | തങ്കപ്പൻ സി എസ്,<br>ചാർളയിൽ, | 2010-11 | 50000/- രൂപ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 32006/- രൂപയുടെ പ്രവൃത്തി Painting With Two |

| | | | |
|---|---|---|---|
| | രണ്ടാർ പി ഒ | | Coats Of Suitable Paint Of Approved Colour On Wall ആണ്. |
| 6 | കെ എം കൃഷ്ണൻ, കൊട്ടങ്ങോട്ടുപറമ്പിൽ, മാർക്കറ്റ് പി ഒ | 2009-10 | |
| 7 | തങ്കമണി വിജയൻ, കോർമലപുത്തൻപുര വീട് | 2010-11 | |

വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ആനുകൂല്യം ലഭ്യമായിട്ടുള്ളവരെ തന്നെ വീണ്ടും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 23.11.2022 ൽ 21ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മേൽ വ്യക്തികൾ എല്ലാവരും സാമ്പത്തികമായി ദുരിതം അനുഭവിക്കുന്നവരും ആനുകൂല്യത്തിന് അർഹരാണെന്നുമാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയാൽ പിന്നീട് ആനുകൂല്യം നൽകാൻ പാടില്ലായെന്നും മെയിന്റനൻസ് പ്രവൃത്തിയിൽ ഏതൊക്കെ ഇനം ഉൾപ്പെടുത്താമെന്നും മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാലുമാണ് ഇത്തരത്തിൽ ആനുകൂല്യം നൽകാനിടവന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വിഭവങ്ങൾ വിലയിരുത്തുന്നതിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും പാലിക്കേണ്ടതാണെന്ന നിർദ്ദേശം നടപ്പാക്കി പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വാസയോഗ്യമല്ലാത്ത വീടുകൾ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്നിരിക്കെ ഫെറോ സ്ലാബ് സിമന്റ് വർക്ക്, പെയിന്റിംഗ് എന്നിവ പോലുള്ള പ്രവൃത്തികൾക്കായി ആനുകൂല്യം അനുവദിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി പ്രയോജനപ്പെടുത്തേണ്ട തുകയുടെ കാര്യക്ഷമമായ വിനിയോഗമാണെന്ന് വിലയിരുത്താൻ സാധിക്കില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-34 പി.എം.എ.വൈ. - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1) നഗരസഭ നടപ്പാക്കിയ പി.എം.എ.വൈ. പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം | പേര്, വിലാസം | കൈപ്പറ്റിയ ആകെ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സിബി പി എ, പൊറ്റെക്കണ്ടത്തിൽ, പുളിഞ്ചോട് | 40000/- | 09.05.2019 |
| 2 | വി വി തങ്കപ്പൻ, വടക്കേടത്ത്, മൈലാടിമല | 360000/- | 28.09.2020 |
| 3 | നിഷാദ് ടി ബാവ, തോട്ടത്തിക്കുടിയിൽ, കിഴക്കേക്കര | 200000/- | 09.11.2020 |
| 4 | അജേഷ് സി എ, ചാലിൽ, മാർക്കറ്റ് പി ഒ | 40,000/- | 30.12.2020 |
| 5 | റംല കൊച്ചുമുഹമ്മദ്, ഓലപ്പുരയിൽ | 360,000/- | 09.07.2019 |

തുക കൈപ്പറ്റിയ മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് 23.11.2022 ൽ 13ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എൻക്വയറിക്ക് താഴെപ്പറയുന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നമ്പർ 1, സിബി പി എ- ഒരു ഗഡു തുക കൈപ്പറ്റിയ ശേഷം സാമ്പത്തിക ബുദ്ധിമുട്ട് മൂലം നിർമ്മാണം നടത്താൻ നിർവ്വാഹമില്ലെന്നറിയിച്ച് കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടവാക്കി പദ്ധതിയിൽ നിന്ന് ഒഴിവാകാൻ അനുമതി ലഭിച്ചിരുന്നു. പിന്നീട് വീട് പണി നടത്തി കൊടുക്കാൻ തയ്യാറാണെന്ന് കാണിച്ച് കൗൺസിലർ കത്ത് നൽകുകയും ഗുണഭോക്താവിനെ ലിസ്റ്റിൽ തന്നെ നിലനിർത്തുവാൻ കുടുംബശ്രീക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ 2, വി വി തങ്കപ്പൻ- വീടിന്റെ നമ്പർ ലഭ്യമാക്കി 4ാം ഗഡു കൈപ്പറ്റുന്നതിന് ഗുണഭോക്താവിന് അറിയിപ്പ് നൽകുകയും നമ്പർ ലഭ്യമാക്കുന്നതിന് നടപടികളെല്ലാം പൂർത്തിയായതായി ഗുണഭോക്താവ് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ 3, നിഷാദ് ടി ബാവ- നിലവിൽ നിർമ്മാണം ആരംഭിച്ചതായി ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ 4, അജേഷ് സി എ, ചാലിൽ- തറപണി പൂർത്തിയായതായി ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.

ക്രമ നമ്പർ 5, റംല കൊച്ചുമുഹമ്മദ്- സാങ്കേതിക പ്രശ്നങ്ങൾ മൂലം വീടിന് നമ്പർ ലഭിച്ചിട്ടില്ലെന്നും ആയതിനാലാണ് നാലാം ഗഡുവിന് അപേക്ഷിക്കാൻ സാധിക്കാത്തതെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ടിയാളുടെ ഭവന നിർമ്മാണം സംബന്ധിച്ച ഫയലിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. മൂവാറ്റുപുഴ നഗരസഭയിൽ വാർഡ് 7ൽ 108/എ2 നമ്പർ വീട് ഇവർക്ക് ഉണ്ടായിരുന്നതായും വെള്ളൂർക്കുന്നം വില്ലേജിൽ തണ്ടപ്പേർ നമ്പർ 122994 പ്രകാരം ഉണ്ടായിരുന്ന സ്ഥലത്ത് സ്വന്തമായി ഉണ്ടായിരുന്ന ഭവനം ഉയർന്ന വിലയ്ക്ക് വിറ്റത് (ആധാരം നമ്പർ 267/16 ) പി.എം.എ.വൈ. ആനുകൂല്യം അനർഹമായി കൈപ്പറ്റുന്നതിന് വേണ്ടിയാണെന്ന് വാഴപ്പിള്ളി റെസിഡന്റ്സ് അസോസിയേഷൻ ജോയിന്റ് സെക്രട്ടറിയുടെ പരാതി ലഭിച്ചിരുന്നു. എന്നാൽ നഗരസഭ നടത്തിയ അന്വേഷണത്തിൽ കടബാദ്ധ്യത മൂലം വീടും സ്ഥലവും

വിറ്റതാണെന്നും പി.എം.എ.വൈ. നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും 11.04.2019 ൽ കൊച്ചി നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് പി എച്ച് 3(ജി 5) 17220/16/PMAY-II-3 നമ്പർ കത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 19.02.2019 ലെ PW2-BA (36686)/2019 നമ്പർ ആയി നഗരസഭ ഗുണഭോക്താവിന് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. കരം ഒടുക്കിയ രസീതിലും കൈവശാവകാശ സർട്ടിഫിക്കറ്റിലും മൂവാറ്റുപുഴ താലൂക്ക് വെള്ളൂർക്കുന്നം വില്ലേജിൽ സർവ്വേ നമ്പർ 933/9/6 ൽ ഉൾപ്പെട്ട 3.76 ആർ (9.29 സെന്റ്) വിസ്തീർണ്ണം ഉള്ള ഭൂമിയുടെ തരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് വിശദീകരണം ഒന്നും ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് നമ്പർ ലഭ്യമാകാത്തതിന് കാരണമുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-35 സാമൂഹ്യസുരക്ഷാ പെൻഷൻ-അപാകതകൾ

നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താക്കളുടെ മരണശേഷവും സേവനയിലെ പെൻഷൻ അക്കൗണ്ട് ആക്ടീവായി തുടരുന്നു. ഡയറക്ട് ടു ഹോം പദ്ധതി വഴി വിതരണം ചെയ്യുന്നതിനാൽ മരണശേഷം പെൻഷൻ തുക ഗുണഭോക്താവിന് കൈമാറാൻ സാധിച്ചിട്ടില്ലെങ്കിലും എല്ലാ മാസവും സഹകരണ ബാങ്കിന് വിതരണത്തിനായി തുക നൽകുന്നുണ്ട്.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം, പെൻഷനർ ഐ.ഡി. | മരണം നടന്ന തീയതി(ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ അക്കൗണ്ട് |
|---|---|---|---|---|
| 1 | പുരുഷോത്തമൻ പിള്ള | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 101950200424 | 26.03.2022 | ആക്ടീവ് |
| 2 | ജമീല യൂസഫ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 101950200485 | 26.03.2022 | ആക്ടീവ് |
| 3 | ഭാർഗവി അയ്യപ്പൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം, 101950600238 | 09.02.2022 | ആക്ടീവ് |
| 4 | കൊച്ചുമുഹമ്മദ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 101950201235 | 06.09.2021 | ആക്ടീവ് |
| 5 | മുഹമ്മദ് പി എം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 101950200361 | 05.02.2022 | ആക്ടീവ് |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28 / 28.11.2022) നിലവിൽ സൈറ്റ് ക്ലോസാണെന്നും സൈറ്റ് ഓപ്പണാകുന്ന മുറക്ക് അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതാണെന്നും മറുപടി നൽകി. ഗുണഭോക്താവ് മരണപ്പെട്ട വിവരം ഇവരുടെ വീട്ടുകാരോ, സഹകരണ ബാങ്കോ അറിയിക്കാത്തത് മൂലമാണ് യഥാസമയത്ത് അക്കൗണ്ട് സസ്പെന്റ് ചെയ്യാൻ സാധിക്കാത്തതെന്നും മറുപടിയിൽ പറയുന്നു. എന്നാൽ സേവന സൈറ്റിൽ എല്ലാ മാസങ്ങളിലും 'ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പെൻഷൻ വിതരണം ചെയ്യാൻ സാധിച്ചില്ല' എന്ന് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) പെൻഷൻ തുക നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന സ്കീമിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരണശേഷം പെൻഷൻ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കാണുന്നു. സേവനയിലെ പെൻഷൻ അക്കൗണ്ട് നാളിതുവരെയും സസ്പെൻഡ് ചെയ്തിട്ടില്ല.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം, പെൻഷനർ ഐ.ഡി. | മരണം നടന്ന തീയതി(ഡെത്ത് രജിസ്റ്റർ പ്രകാരം) | മരണശേഷം പെൻഷൻ ബാങ്ക് ട്രാൻസ്ഫർ ചെയ്ത കാലയളവ് |
|---|---|---|---|---|
| 1 | ഖദീജ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം, 101950601112 | 24.02.2022 | മാർച്ച് 2022-സെപ്തംബർ 2022 |
| 2 | ബീന എ എം | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം, 101950600909 | 21.12.2021 | ജനുവരി 2022-സെപ്തംബർ 2022 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28 / 28.11.2022), മരണശേഷം ലഭ്യമായ പെൻഷൻ തുക സർക്കാരിലേക്ക് തിരികെ ഈടാക്കാനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നതാണെന്നും, നിലവിൽ സൈറ്റ് ക്ലോസാണെന്നും സൈറ്റ് ഓപ്പണാകുന്ന മുറക്ക് അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതാണെന്നും മറുപടി നൽകി. തുക തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 പെൻഷൻ ഫണ്ട്

1996 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് ) ചട്ടങ്ങൾ 10 പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് തുടങ്ങേണ്ടതും ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ വരവ് വയ്ക്കേണ്ടതുമാണ്. എന്നാൽ മൂവാറ്റുപുഴ നഗരസഭയിൽ ഇപ്രകാരമൊരു നടപടി സ്വീകരിക്കാതെ തനതു ഫണ്ടിൽ നിന്നുമാണ് പെൻഷൻ ആനുകൂല്യങ്ങൾ നല്കിവരുന്നത്. മാത്രമല്ല വാർഷിക ധനകാര്യ പത്രിക B15 ഷെഡ്യൂൾ Other Receivables ഹെഡ് പ്രകാരം തൻവർഷം 1,46,16,449/- രൂപയും കുടിശിക 5,39,34,620/- രൂപയും ചേർത്തിട്ടുണ്ട്. പ്രത്യകം അക്കൌണ്ട് സൂക്ഷിക്കാത്തതിനാൽ ലഭിക്കാനുള്ള കുടിശിക തുകയുടെ കാര്യത്തിൽ വ്യക്തതയില്ല. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ നല്കിയതിന്റെയും ലഭിക്കാനുള്ള പെൻഷൻ ഫണ്ടിന്റെയും വർഷം തിരിച്ചുള്ള വിശദാംശം വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-37 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കി

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകകൾ ഓഡിറ്റ് എൻക്വയറിയുടെ (നം.6 / 21.11.22) ഭാഗമായി രസീത് നം. 122010109745 തീയതി. 24.11.22 പ്രകാരം 250/ രൂപ, രസീത് നം. 122010109755 തീയതി. 23.11.22 പ്രകാരം 400/ രൂപ, രസീത് നം. 122010109736 തീയതി. 22.11.22 പ്രകാരം 650/ രൂപ, രസീത് നം. 122010 109751 തീയതി. 22.11.22 പ്രകാരം 300/ രൂപ, രസീത് നം. 122010109786 തീയതി. 23. 11.22 പ്രകാരം 300/ രൂപ, രസീത് നം. 122010109732 തീയതി. 22.11.22 പ്രകാരം 4080/ രൂപ, രസീത് നം. 122010500203 തീയതി. 29.11.22 പ്രകാരം 5700/ രൂപ സഹിതം ആകെ 11680/ രൂപ മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കി.

# ഭാഗം -2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ 2,070/- രൂപ കുറവ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിൽ ചെയ്യുകയോ തൊഴിൽ സംരഭത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി അടക്കേണ്ടതാണ്. അർദ്ധവാർഷിക വരുമാനം 12,000/ രൂപയിൽ കുറവല്ലാത്ത വ്യക്തികളിൽ നിന്നും ചുമത്തേണ്ട തൊഴിൽ നികുതി, തൊഴിൽ നികുതി പട്ടിക പ്രകാരം ആയിരിക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനത്തിൻറ പേര് | വ്യക്തിയുടെപേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | മുത്തൂറ്റ് വെഹിക്കിൾ & അസറ്റ് ഫിനാൻസ് ലിമിറ്റഡ് | അനീഷ് ചന്ദ്രൻ ബിസിനസ്സ് ഡെവലപ്പ്മെൻറ് എക്സിക്യൂട്ടീവ് | 1 | 102000 | 1000 | 750 | 250 |
| 2 | മേരി മാതാ ഇൻഫ്രാ സ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 1)എ.ആർബാലചന്ദ്രൻ വൈസ് പ്രസിഡൻറ് (അഡ്മിനിസ്ട്രേഷൻ) | 1 | 106200 | 1000 | 750 | 250 |
| | | 2)ഉണ്ണികൃഷ്ണൻ വാര്യർ | ,, | 106200 | 1000 | 750 | 250 |
| | | 3)മോഹൻ കുമാർ .എസ് | | 98400 | 750 | 450 | 300 |
| | | 4)പി.എം സീത സുകുമാർ | | 98400 | 750 | 450 | 300 |
| | | 5)അരുൺ എ.അത്തിക്കുഴി | | 61200 | 600 | 300 | 300 |
| | | 6)എൽദോസ് എം.ടി | | 59700 | 450 | 300 | 150 |
| | | 7)ഡിഡിൻ ജോൺ | | 59700 | 450 | 300 | 150 |
| | | 8)സുജിത്ത് ടി.എസ്. | | 29700 | 180 | 120 | 60 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 9)അരുൺ ഏലിയാസ് | | 29700 | 180 | 120 | 60 |
| | | | | | | | 2,070 |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നത് അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വെൻഡിംഗ് മഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ - തുക നൽകിയതിലെ അപാകത - 7,451/- രൂപ നഷ്ടം

നഗരസഭ നടപ്പാക്കിയ വെൻഡിംഗ് മഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കൽ പ്രൊജക്ടിൽ കരാറുകാരൻ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ അധികം നൽകിയതിനാൽ 6,162/- രൂപയുടെ നഷ്ടം സംഭവിച്ചു. കൂടാതെ കരാറുകാരനിൽ നിന്ന് ആദായ നികുതി ടി.ഡി.എസ്. ഈടാക്കിയതിലും 1,289/- രൂപയുടെ കുറവ് സംഭവിച്ചു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | S220/22 |
| പ്രൊജക്ടിന്റെ പേര് | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ |
| എസ്റ്റിമേറ്റ് തുക | 1,50,000/- |
| ഫണ്ടിനം | പൊതുവിഭാഗം |
| ചെലവ് / ബിൽ നം | 1,49,992/- (103/01.10.2021) |
| നിർവ്വഹണ ഏജൻസി | ഫോർവേൾഡ് എന്റർപ്രൈസസ്, മരട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

നഗരസഭയുടെ 02.11.2020 ലെ പി.ഡബ്ല്യു.1 -1010/16 നം ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കരാറുകാരായ ഫോർവേൾഡ് എന്റർപ്രൈസസ്, മരട് എസ്റ്റിമേറ്റ് നിരക്കായ 132180 രൂപ രേഖപ്പെടുത്തി ടെണ്ടർ സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 24.02.2021 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22 -ാം നം തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രസ്തുത ടെണ്ടർ അംഗീകരിക്കുകയും 24.02.2021 ൽ SO 137/2020 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു.സ്ഥാപനം 26.02.2021 ൽ ഉപകരണങ്ങൾ വിതരണം ചെയ്തു. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ബിൽ പ്രകാരം (നം PWI- SO 137/20-21/26.02.2021) ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ 6,162/- രൂപ (നികുതിയിനത്തിലെ തുക ഉൾപ്പെടുത്തിയതിനാൽ) അധികമായി ആവശ്യപ്പെടുകയും നഗരസഭ നൽകുകയും ചെയ്തിട്ടുണ്ട്. നികുതിയിനത്തിലെ തുകയാണെങ്കിലും ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികം നൽകിയത് അനുവദനീയമല്ല.

ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം കരാർ സ്ഥാപനങ്ങളിൽ നിന്നും കുറവ് ചെയ്യേണ്ട ആദായ നികുതി ടി.ഡി.എസ്. 2% ആണ്. എന്നാൽ ഈ പ്രൊജക്ടിന്റെ ബില്ലിൽ നിന്ന് ഒരു ശതമാനം തുകയായ 1,289/- മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ഇക്കാരണത്താൽ 1,289/- രൂപ കുറവാണ് ഈടാക്കിയിരിക്കുന്നത്.

കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ 6,162/- രൂപ അധികം നൽകിയത് സംബന്ധിച്ചും ആദായ നികുതി ടി.ഡി.എസ്. ഈടാക്കിയതിൽ 1,289/- രൂപ കുറവ് വന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 1/17.11.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

അധികം നൽകിയ 6,162/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി പൊതുവിഭാഗം ഫണ്ടിലും ആദായ നികുതി ടി.ഡി.എസ്. ഇനത്തിൽ കുറവ് വന്ന 1,289/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിലും അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 2021-22 ലെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക നൽകിയിട്ടില്ല. മുൻ വർഷങ്ങളിൽ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (146/2020-21)) | 855432508/ 20.03.21 | 528580 | 0 | 528580 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (326/2020-21) | 824755748/ 11.11.20 | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (465/2020-21) | 852467954/ 12.03.21 | 541598 | 0 | 541598 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (327/2020-21) | 803303692/ 06.08.2020 | 541587 | 0 | 541587 |

എന്നാൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ മുൻകൂറായി രേഖപ്പെടുത്തുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ഹെഡ്ഡിൽ നേരിട്ട് ചെലവായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് (തുക 68,45,318/- രൂപ).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരികെ അടവാക്കുവാനുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ. ഭവനപദ്ധതി (ഹഡ്കോയിൽ നിന്നുമുള്ള ലോൺ) | ജി.ഒ(എം.എസ്.) നം.68/2018 /എൽ.എസ്.ജി.ഡി. | 2,72,20,000 | 34,00,000 | 24,00,000 | --- | 2,82,20,000 |

തൻവർഷത്തെ വായ്പ തിരിച്ചടവ് ജി.ഒ. പ്രോജക്ട് വഴി വികസനഫണ്ട് പൊതുവിഭാഗം, വികസനഫണ്ട് എസ്.സി.പി. എന്നിവയിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുകയാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 38,07,153 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ ഉൾപ്പെടെ) | 2,64,108 (പലിശ) |
| ആകെ | 40,71,261 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 40,71,261 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2021-21 | 2-1 | 17,337/- | ലതേഷ് കുമാർ, സെക്രട്ടറി | 12110103757/6.1021 |
| 2 | 2021-22 | 3-7 | 16,579/- | പി.എം നാസർ , പൂഞ്ചേരിയിൽ | 121010103289/18.9.21 |
| 3 | 2021-21 | - | 8,942/- | പ്രസിഡണ്ട് വള്ളത്തു ക്ഷേത്രം | 1210103395/29.12.21 |
| | | ആകെ | 42,858/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.30.2 | 2009-10 | 3.8.22(1) | ആധുനിക അറവുശാല നിർമാണം. നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ച്ചെലവ്- 13 ലക്ഷം | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം അറവുശാല അറ്റകുറ്റപ്പണി നടത്തി PCB നിർദ്ദേശാനുസരണമുള്ള മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തി ഉപയോഗക്ഷമമാക്കണം. |
| 2006-07 | 3.14.1 | 2009-10 | 3.7.11(1) | വനിതാ വ്യവസായ വികസനം ഫോട്ടോസ്റ്റാറ്റ് മെഷിൻ സ്ഥാപിക്കൽ | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണം. |
| 2006-07 | 2-2(7) | 2009-10 | 2-6-5 | കംഫർട്ട് സ്റ്റേഷൻ ലേലം നഷ്ടം 60000/- | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം പിഴപ്പലിശ ഈടാക്കണം. |
| 2017-18 | 3-2 | 2019-20 | 2 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ് സർച്ചാർജ് നടപടികൾ നിലവിലില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 20,56,42,836.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22,69,09,732.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,070.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,162.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60,18,366.00 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,070/- | --- | ശ്രീ എം മുഹമ്മദ് ആരിഫ് ഖാൻ, സെക്രട്ടറി |
| 3-1 | --- | 6,162/- | ശ്രീ ടി.എ. മൻസൂർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2,070/- | 6,162/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,87,628/- | ഡോ. ഷീന ആനി തോമസ്, ഹോമിയോ മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | 64,643/- | ഡോ. ആഷാ വിജയൻ, സൂപ്രണ്ട്, ജനറൽ ആശുപത്രി |
| 1-21-1 | 42,058/- | ഡോ. ആഷാ വിജയൻ, സൂപ്രണ്ട്, ജനറൽ ആശുപത്രി |
| | 1,82,413/- | ഡോ. പത്മനാഭൻ എം.എസ്. സൂപ്രണ്ട്, ജനറൽ ആശുപത്രി |
| 1-22 | 9,000/- | ശ്രീ വിൻസെന്റ് കെ.വി., പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| 1-27 | 1,28,345/- | ശ്രീ എം. മുഹമ്മദ് ആരിഫ് ഖാൻ, മുനിസിപ്പൽ സെക്രട്ടറി |
| 1-28 | 1,09,000/- | ശ്രീ എം. മുഹമ്മദ് ആരിഫ് ഖാൻ, മുനിസിപ്പൽ സെക്രട്ടറി |
| 1-29 | 3,20,000/- | ശ്രീ എം. മുഹമ്മദ് ആരിഫ് ഖാൻ, മുനിസിപ്പൽ സെക്രട്ടറി |
| 1-30 | 31,65,429/- | ശ്രീ സന്തോഷ് കുമാർ എസ്., മുനിസിപ്പൽ എഞ്ചിനിയർ |
| 1-31 | 16,10,356/- | ശ്രീ സന്തോഷ് കുമാർ എസ്., മുനിസിപ്പൽ എഞ്ചിനിയർ |
| 1-32 | 4,88,608/- | ശ്രീ ടി.എ. മൻസൂർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 60,18,366/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,289/- | ശ്രീ ടി.എ. മൻസൂർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1,289/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിൻസെന്റ് കെ വി,<br>പ്രൊജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ ലഘൂകരണ സെൽ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1,<br>മൂവാറ്റുപുഴ നഗരസഭ | കൊച്ചുപുരയ്ക്കൽ,<br>പല്ലാരിമംഗലം പി ഒ,<br>പിടവൂർ – 686671 |
| ശ്രീ സന്തോഷ് കുമാർ എസ്.<br>മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ<br>മൂവാറ്റുപുഴ നഗരസഭ | മംഗലത്ത് വീട്,<br>വടക്കേവിള. പി ഒ,<br>കൊല്ലം. |
| മൻസൂർ ടി.എ.,<br>അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ.<br>മൂവാറ്റുപുഴ നഗരസഭ | തുകലിൽ വീട്,<br>മുടിക്കൽ പി ഒ,<br>പെരുമ്പാവൂർ – 683547 |
| ഡോ.ഷീന ആനി തോമസ്,<br>ഹോമിയോ മെഡിക്കൽ ഓഫീസർ | ഹോമിയോ മെഡിക്കൽ ഓഫീസർ,<br>ഹോമിയോ ഹോസ്പിറ്റൽ മൂവാറ്റുപുഴ | പേരാമ്പിൽ ഹൗസ്, പട്ടാൽ,<br>ഇരിങ്ങോൾ- 683548 |
| ശ്രീ എം. മുഹമ്മദ് ആരിഫ് ഖാൻ,<br>മുനിസിപ്പൽ സെക്രട്ടറി | സെക്രട്ടറി,<br>മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | സബീന മൻസിൽ<br>പുന്നൻ വിളകം, പുള്ളൂർക്കോണം<br>വിഴിഞ്ഞം പി.ഒ. |
| ഡോ. ആഷാ വിജയൻ,<br>സൂപ്രണ്ട്, ജനറൽ ആശുപത്രി | ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ<br>എൻ.ആർ.എച്ച്.എം. തിരുവനന്തപുരം | 10ഇ, ഗുഡ് എർത്ത് എലമെന്റ്സ്<br>കൊച്ചിൻ പബ്ലിക് സ്കൂൾ റോഡ്<br>തൃക്കാക്കര,<br>എറണാകുളം – 682021 |
| ഡോ. പത്മനാഭൻ എം.എസ്.<br>സൂപ്രണ്ട്, ജനറൽ ആശുപത്രി | ട്രൈബൽ ഹോസ്പിറ്റൽ, കോട്ടത്തറ | മടത്തിൽ മന<br>ഓൾഡ് കോർട്ട് റോഡ്<br>പട്ടാമ്പി |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1996-97 | LFE(EKM)M1 519/88/15-06-00 |
| 1997-98 | LFE(EKM)M1 128/93/22-12-93 |
| 1998-99 | LFE(EKM)M1 129/01/12-12-01 |
| 1999-00, 2000-01 | LFE(EKM)M2 1943/09/13-11-07 |

| | |
|---|---|
| 1999-00, 2000-01 | LFE(EKM)M2 43/05/19-04-88 |
| 1997-98 | LFE(EKM)M2 1555/88/3-11-12 |
| 1998-99 | LFE(EKM)M2 43/05/19-04-88 |
| 1999-00 | LFE(EKM)M2 1555/88/3-11-12 |
| 2000-01 | LFE(EKM)M2 775/05/29-12-05 |
| 2001-02 | LFE(EKM)M1 1158/07/21-11-07 |
| 2002-03 | LFE(EKM)M1 441/08/11-05-09 |
| 2003-04 | LFE(EKM)M1 383/12/30-03-12 |
| 2004-05 | LFE(EKM)M2 43/13/07-01-13 |
| 2005-06 | LFE(EKM)M2 43/13/07-01-13 |
| 2006-07 | LFE(EKM)M1 441/08/11-05-09 |
| 2007-08 | LFE(EKM)M1 139/10/17-10-11 |
| 2008-09 | LFE(EKM)M1 519/88/15-06-00 |
| 2009-10 | LFE(EKM)M1 314/11/10-02-12 |
| 2010-11, 2011-12 | LFE(EKM)M2 14/14/29-01-15 |
| 2012-13 | LFE(EKM)M2 972/15/16-11-15 |
| 2013-14, 14-15 | KSA(EKM)M2 1116/2016/13-07-16 |
| 2015-16 | KSA(EKM)M1 101/2017/08-02-17 |
| 2016-17 | KSA(EKM)M2- 2163/2017 /30-11-17 |
| 2017-18 | KSA(EKM)M2- 299/2019 /27-3-19 |
| 2018-19 | KSA(EKM)M2- 1851/2019 /14-1-20 |
| 2019-20 | KSA(EKM)M2-727/22/18.07.2022 |
| 2020-21 | KSA(EKM)M2-1333/19.08.2022 |

തീർപ്പാകുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്